


# ആത്മപ്രകാശിനി

## 2024 ജൂലൈ -ആഗസ്റ്റ്

ആത്മപ്രകാശിനി പി. ഡി. എഫ് . ആയി താങ്കൾക്ക് എത്തിക്കുന്നതിൽ ഞങ്ങൾക്ക് വളരെ സന്തോഷം ഉണ്ട്. ആത്മപ്രകാശിനി പി. ഡി. എഫ് . ആയി ലഭിക്കുന്നവർ ഈ പ്രവർത്തനത്തെ ഓർത്ത് പ്രാർത്ഥിക്കുകയും ഇതിന്റെ സുഗമമായ നടത്തിപ്പിനായി സഹകരിക്കുകയും ചെയ്യേണ്ടതാണ്

ആത്മപ്രകാശിനി മാസിക മുടക്കം കൂടാതെ വായനക്കാരുടെ കരങ്ങളിൽ എത്തിക്കുവാൻ സാധിക്കുന്നതിൽ സന്തോഷിക്കുന്നു. എന്നാൽ പ്രസിദ്ധീകരണ ചെലവുകൾ വളരെ വർദ്ധിച്ചിരിക്കുന്ന സാഹചര്യത്തിൽ വരിസംഖ്യ മുടങ്ങാതെ ലഭിച്ചാൽ മാത്രമേ പ്രവർത്തനം സുഗമമായി നടത്തുവാൻ സാധിക്കുകയുള്ളൂ. ആത്മപ്രകാശിനി വാർഷിക വരിസംഖ്യ വർദ്ധിപ്പിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ കുടിശികക്കാരായ വിദേശത്തുള്ളവരും അല്ലാത്തവരുമായ വരിക്കാർ ദയവായി കുടിശികയും ഈ വർഷത്തെ വരിസംഖ്യയും ചേർത്ത് അയച്ചു തന്ന് സഹകരിക്കണമേ. വിദേശത്തുള്ളവർ ചെറിയ തുകകൾക്ക് ഡോളർ ചെക്ക് അയയ്ക്കാതിരിക്കുന്നത് നന്ന്. ആത്മപ്രകാശിനിയുടെ S.B. A/c IOB Kumbanad Bank No. 043601000001492 IFSC No. IOB A 0000436 ബാങ്കിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നവർ വിവരം ആഫീസിൽ അറിയിക്കേണ്ടതുമാണ് (മാനേജർ)

ആത്മപ്രകാശിനി വായനക്കാരുടെ ശ്രദ്ധയ്ക്ക്

**The Manager**
**Athmaprakashini**
**P.B. No. 10**
**Kumbanad, Pathanamthitta Dist.**
**Kerala-689 547**
**India**

**Name of the account: Athmaprakashini**
**Bank: Indian Overseas Bank**
**Branch: Kumbanad**
**SB account no: 043601000001492**
**IFS Code: IOBA0000436**

# ആത്മപ്രകാശിനി

**Vol. XLIII** 2024 ജൂലൈ ~ആഗസ്റ്റ് **No. 7, 8**


**എഡിറ്റർ**
ഡോ. ഒ. എം. ശാമുവേൽ

**അസോസിയേറ്റ് എഡിറ്റേഴ്സ്**
കെ. എ. ഫിലിപ്പ്
ഡോ. കെ. സി. ജോൺസൺ
വർഗ്ഗീസ് കെ. കുര്യൻ
പി. ജി. ജെയിംസ്

**മാനേജർ**
വർഗ്ഗീസ് കെ. കുര്യൻ

**പബ്ലിഷർ**
സാം സി. എബ്രഹാം

**പ്രിന്റിങ്**
ഇവാഞ്ചൽ പ്രസ്സ്, തിരുവല്ല
ഫോൺ: 0469 2630223, 2605120

**വാർഷിക വരിസംഖ്യ**
ഇന്ത്യയിൽ: 200 രൂപ (മുൻകൂർ)
വിദേശത്ത്: 2000 രൂപ (മുൻകൂർ)

**ലേഖനങ്ങൾ, വാർത്തകൾ, വിലാസമാറ്റം തുടങ്ങി മാസിക സംബന്ധിച്ച എഴുത്തുകൾ എന്നിവ അയയ്ക്കേണ്ട വിലാസം:**
എഡിറ്റർ, ആത്മപ്രകാശിനി
പി. ബി. നമ്പർ 10, കുമ്പനാട് 689 547
ഫോൺ: 9447404646
E-mail: athmaprakashini@gmail.com

**വരിസംഖ്യ, സംഭാവന, എന്നിവ അയയ്ക്കേണ്ട വിലാസം:**
മാനേജർ
ആത്മപ്രകാശിനി
പി. ബി. നമ്പർ 10
കുമ്പനാട്, കേരളം- 689 547
ഫോൺ: 9447404646


## അകത്താളുകളിൽ


**"അവനോ അവരുടെ നടുവിൽ കൂടി . . ."** >> 3
വർഗ്ഗീസ് കെ. കുര്യൻ

**അപ്പൊസ്തല പ്രവൃത്തികൾ** >> 5
വിൽസൻ കെ. തോമസ്

**തിരുവെഴുത്തിലെ 7 പൗരോഹിത്യങ്ങൾ** >> 8
വർഗ്ഗീസ് കെ. കുര്യൻ

**ദൈവസഭയുടെ മാന്യതയും ക്രമവും** >>10
ഉമ്മൻ ജോർജ്ജ്

**കരുതൽ ദൈവികമോ മാനുഷികമോ?** >>12
കുഞ്ഞമ്മ ചാക്കോ

**തിരുവെഴുത്തിലെ കുടുംബങ്ങൾ** >>13
വർഗ്ഗീസ് കെ. കുര്യൻ

**യോനാ പ്രവചനം: ഒരു പഠനം** >>15
സാംസൻ ഹെൻറി

**ദൈവം യോജിപ്പിച്ചത്** >>18
ജെയിംസ് വി. പാറ്റേഴ്സൺ

**ഇത്തവണ ശരിയാകും** >>20
ധർമ്മരാജ് ജി.

**ദൈവിക നിർണ്ണയം** >>21
ജി. സുശീലൻ



**ഓൺലൈൻ ട്രാസ്ഫറിനുള്ള വിവരങ്ങൾ:**
**Name of the Account: Athmaprakashini**
**Account No:** 043601000001492
**Bank:** Indian Overseas Bank
**Branch:** Kumbanad
**IFS Code:** IOBA0000436
DD or Cheque should be in favour of **"Athmaprakashini"** payable at Kumbanad.
(വരിസംഖ്യ ഈ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നവർ വിവരം ആത്മപ്രകാശിനി ഓഫീസിലേക്ക് വിളിച്ച് മാനേജരെ അറിയിക്കേണ്ടതാണ്. ഫോൺ: 9447404646)

പത്രാധിപലേഖനം

# "അവനോ അവരുടെ നടുവിൽ കൂടി . . ."

# ( ലൂക്കൊസ് 4:30 )

വർഗ്ഗീസ് കെ. കുര്യൻ, പാമ്പാടി

ആൾക്കൂട്ടങ്ങളിലും സമ്മേളനങ്ങളിലും യോഗങ്ങളിലുമെല്ലാം മുമ്പിൽ നടക്കുവാനും നിൽക്കുവാനും ഇരിക്കുവാനുമുള്ള തത്രപ്പാടുകൾ എവിടെയും കാണുവാൻ കഴിയുന്നുണ്ട്. മറ്റുള്ളവരുടെ ശ്രദ്ധ പിടിച്ചു പറ്റുവാനും തങ്ങളുടെ നേതൃത്വവും സ്ഥാനവും മറ്റുള്ളവരെക്കൊണ്ട് അംഗീകരിപ്പിക്കുവാനുമാണ് ഈ പരിശ്രമം. എന്നാൽ ദൈവം എല്ലായ്പ്പോഴും ജനത്തിന്റെ നടുവിൽ വസിക്കുവാൻ താൽപര്യപ്പെടുന്നവനാണ്. യിസ്രായേലിന്റെ നടുവിൽ വസിക്കുവാൻ ഒരു വിശുദ്ധമന്ദിരം ഉണ്ടാക്കേണമെന്നാണ് ദൈവം മോശെയോടു കല്പിച്ചത് (പുറ. 25:8). അതേ ദൈവം മനുഷ്യനായി വന്നപ്പോൾ പറഞ്ഞത് "*രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ കൂടിവരുന്നേടത്തൊക്കെയും ഞാൻ അവരുടെ നടുവിൽ ഉണ്ട്*" (മത്തായി 18:20) എന്നാണ്. വെളി. 1:13-ൽ 7 സഭകളാകുന്ന നിലവിളക്കുകളുടെ നടുവിലും അവനെ കാണുന്നുണ്ട്. പലതിന്റെയും നടുവിൽ കൂടി കടന്നുപോയ യേശുവിനെയാണ് ദൈവവചനം വെളിപ്പെടുത്തുന്നത്.

കർത്താവ് ഒന്നാമത് കടന്നുപോയത് ദാരിദ്ര്യത്തിന്റെയും ഞെരുക്കത്തിന്റെയും നടുവിൽ കൂടിയാണ്. സകലത്തിന്റെയും സ്രഷ്ടാവായ ദൈവം മനുഷ്യരോട് ഏകീഭവിച്ചുകൊണ്ട് മനുഷ്യനായി പിറന്നതു ഒരു തച്ചന്റെ കുടുംബത്തിലാണ്. താമസിയാതെ ഹെരോദാവു യേശുകുഞ്ഞിനെ കൊല്ലുവാൻ ശ്രമിച്ചപ്പോൾ ദൂതന്റെ കല്പനപ്രകാരം യോസേഫും മറിയയും യേശുവിനെയും കൊണ്ട് മിസ്രയീമിലേക്കു പോയി. തൊള്ളായിരത്തിലധികം മൈലുകൾ യാത്ര ചെയ്തു മിസ്രയീമിലെത്തുവാനും അവിടെ ചെലവു കഴിയാനും എന്തു വകയാണ് ആ ദരിദ്ര കുടുംബത്തിനുണ്ടായിരുന്നത്? വിദ്വാന്മാർ നല്കിയ പൊന്നു അതിനു മതിയായിരുന്നു. ഞെരുക്കങ്ങളുടെ നടുവിലൂടെ കടന്നു പോകുന്ന ഏതൊരു ദൈവപൈതലിനെയും കരുതുന്ന ദൈവമുണ്ടെന്ന ചിന്ത നമ്മുടെ ഹൃദയങ്ങൾക്കു ആശ്വാസം തരുന്നതാണ്.

രണ്ടാമതായി യേശു കടന്നു പോയത് പരീക്ഷയുടെ നടുവിൽ കൂടിയാണ്. ലൂക്കൊസ് 4:1 മുതൽ കർത്താവു കടന്നു പോയ മൂന്നു പരീക്ഷകളെക്കുറിച്ചു കാണുന്നുണ്ട്. ജഡമോഹം, കൺമോഹം, ജീവനത്തിന്റെ പ്രതാപം എന്നീ മൂന്നുവിധ പരീക്ഷകളിലൂടെ ഒന്നാമത്തെ കുടുംബത്തെ പിശാചു തെറ്റിച്ചുകളഞ്ഞപ്പോൾ ഒടുക്കത്തെ ആദാമിനെയും പാപത്തിന്റെ പരീക്ഷയാൽ തോല്പിക്കാമെന്നു വിചാരിച്ചു. എന്നാൽ യേശു കർത്താവ് ദൈവമനുഷ്യനാകയാൽ പരീക്ഷ നേരിട്ടെങ്കിലും അതിനു വിധേയപ്പെട്ടില്ല എന്നു മാത്രമല്ല പിശാചു അവനെ വിട്ടുപോകയും ചെയ്തു.

മാനുഷികമായ നിലയിൽ ഈ പരീക്ഷകളെ കർത്താവു നേരിട്ടതു ദൈവവചനത്താലാണ്. ഇതിനു കാരണം അവൻ ബാല്യം മുതൽ ദൈവവചനത്തിന്റെ നടുവിലായിരുന്നു. ലൂക്കൊസ് 2:46-ൽ 12 വയസ്സു പ്രായമുള്ള യേശുവിനെ ദൈവാലയത്തിൽ ഉപദേഷ്ടാക്കന്മാരുടെ നടുവിൽ ഇരിക്കുന്നതായും അവരുടെ ഉപദേശം കേൾക്കയും അവരോട് ചോദിക്കയും ചെയ്യുന്നതായി കാണുന്നു. ബാല്യം മുതൽ വചനത്തിന്റെ നടുവിൽ ആയിരിക്കുവാൻ കഴിഞ്ഞാൽ വൃദ്ധനായായലും ഏതൊരു പരീക്ഷയെയും അതിജീവിക്കുവാൻ കഴിയും.

മൂന്നാമതായി യേശു കടന്നുപോയത് വിദ്വേഷത്തിന്റെ നടുവിൽ കൂടിയാണ്. ലൂക്കൊസ് 4:28-30 വരെ യേശു നസറെത്തിലെ പള്ളിയിൽ വെച്ചു ജനത്തോടു പറഞ്ഞ ദൈവവചനം യെഹൂദർക്കു തൃപ്തികരമായില്ല. യിസ്രായേലിൽ അനേക വിധവമാർ ഉണ്ടായിരുന്നെങ്കിലും സാരഫാത്തിലെ വിധവയെ മാത്രമെ ദൈവം കരുതിയതും അനേക കുഷ്ടരോഗികൾ ഉണ്ടായിരുന്നപ്പോൾ സുറിയക്കാരനായ നയമാനെ മാത്രം സൗഖ്യമാക്കിയതും വിശദീകരിച്ചപ്പോൾ തങ്ങളെയും ദൈവം പരിഗണിക്കുന്നില്ലെന്നു മനസ്സിലാക്കിയ ജനം കോപം നിറഞ്ഞവരായി തീർന്നു. അവനെ പട്ടണത്തിനു പുറത്താക്കി മലയുടെ വക്കോളവും കൊണ്ടുപോയി തലകീഴായി തള്ളിയിടുവാൻ ഭാവിച്ചു. എന്നാൽ യേശു അവരുടെ നടുവിൽ കൂടി കടന്നുപോയി. വിവിധ നിലകളിലുള്ള വിദ്വേഷങ്ങളുടെ നടുവിൽ കൂടി ദൈവജനം ആദ്യ

നൂറ്റാണ്ടു മുതൽ കടന്നു പോയിക്കൊണ്ടിരിക്കുന്നു. ഇങ്ങനെയുള്ള കർത്താവിനെയാണ് നാം ധൈര്യത്തോടെ അനുഗമിക്കേണ്ടത്.

നാലാമതായി യേശു മരണങ്ങളുടെ നടുവിൽ കൂടി കടന്നുപോയി. യോഹ. 19:18-ൽ ഗൊല്ഗൊഥായിൽ മൂന്നു ക്രൂശുകൾ ഉയർത്തപ്പെട്ടു. ഇരുവശങ്ങളിലും രണ്ടു ദുഷ്പ്രവർത്തിക്കാരും നടുവിൽ യേശു കർത്താവും. അതിക്രമക്കാരോടു കൂടെ അവനെ എണ്ണി എന്ന തിരുവെഴുത്തു നിറവേറിക്കൊണ്ടു യേശുഅവരുടെ നടുവിൽ. കള്ളന്മാരിൽ ഒരാൾ അനുതപിച്ചു യേശുവിനെ അംഗീകരിച്ചു. മറ്റവനോ യേശുവിനെ നിരാകരിച്ചു. മാനസാന്തരപ്പെട്ടവൻ പരദീസയിലേക്കും മറ്റവൻ പാതാളയാതനയിലേക്കും മാറ്റപ്പെട്ടു.

സ്വാഭാവികമായും ഇരുവശങ്ങളിലുമായി ക്രൂശിക്കപ്പെട്ടവരുടെ തലകൾ താഴെക്കു കുനിഞ്ഞപ്പോൾ യേശു മാത്രം തല ചായിച്ചു, സ്വന്തതോളിലേക്കു. നിസ്സഹായതയുടെ അടയാളമായി തല കുനിച്ചു മരിച്ച കോടിക്കണക്കിനാളുകളുടെ നടുവിൽ "തലതാഴ്ത്താതെ നില തെറ്റാതെ" മരണത്തെ തോല്പിച്ച മനുഷ്യപുത്രൻ തന്റെ മക്കൾക്കു മരണത്തെ സധൈര്യം നേരിടുവാനുള്ള ശക്തി തരുവാൻ മതിയായവനാണ്.

അഞ്ചാമതായി യേശു മേഘങ്ങളുടെ നടുവിൽ കൂടി കടന്നു സ്വർഗ്ഗത്തിലേക്കു പോയവനാണ്. അപ്പൊ. 1:9-ൽ ശിഷ്യന്മാർ നോക്കിനിൽക്കെ ഒലിവു മലയിൽ നിന്ന് മെല്ലെ മെല്ലെ അവൻ ഉയർന്നു മേഘങ്ങളുടെ നടുവിൽ കൂടി സ്വർഗ്ഗാരോഹണം ചെയ്തു. സ്വർഗ്ഗത്തിലെത്തിയ കർത്താവ് പിതാവിന്റെ വലത്തു ഭാഗത്തു ഇരുന്നു (മർക്കൊസ് 16:19). അവിടെ ഇരുന്നു കർത്താവ് നമുക്കു വേണ്ടി പക്ഷവാദം ചെയ്തുകൊണ്ടിരിക്കുന്നു.

മാത്രമല്ല, എത്രയും വേഗം അവൻ മേഘങ്ങളിലേക്കു ഇറങ്ങി വന്നു തന്റെ സഭയെ സ്വർഗ്ഗത്തിലേക്കു കൈക്കൊള്ളും. ഏഴു വർഷങ്ങൾ കഴിയുമ്പോൾ ഇതേ യേശു കർത്താവ് മേഘാരൂഢനായി മേഘങ്ങളുടെ നടുവിൽ കൂടെ ഭൂമിയിലേക്കു മടങ്ങി വന്നു രാജ്യം സ്ഥാപിക്കും. ഇതാണ് നമ്മുടെ പ്രത്യാശ. നമ്മുടെ ഭൂമിയിലെ വാസം അവസാനിക്കുമ്പോൾ ഓരോരുത്തരായി മേഘങ്ങളുടെ നടുവിൽ കൂടി സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെടും. കർത്താവിന്റെ മടങ്ങി വരവിങ്കിൽ പുതിയ ശരീരധാരികളായി നാം അവനോടു കൂടി എന്നും എന്നാളും വസിക്കും.



# അപ്പൊസ്തല പ്രവൃത്തികൾ – 27

വിൽസൻ കെ. തോമസ്, മാവേലിക്കര

## III. സഭ ഭൂമിയുടെ അറ്റത്തോളം (അപ്പൊ. 9:32–28:31)

## D. പൗലൊസിന്റെ പ്രഥമ പ്രേഷിത പ്രയാണം:

## ഗലാത്യ (അപ്പൊ. 13:1–14:28)

പൗലൊസിന്റെ ഒന്നാം സുവിശേഷ യാത്രയെക്കുറിച്ചുള്ള വിവരണങ്ങൾ അപ്പൊ. 13:3 മുതൽ 14:28 വരെ രേഖപ്പെടുത്തിയിട്ടുണ്ട്.

**1. ഒന്നാം സുവിശേഷ യാത്രയിലെ അംഗങ്ങൾ**

1.) ബർന്നബാസ് (അപ്പൊ. 13:2,3)

2). പൗലൊസ് (അപ്പൊ. 13:2,3)

3). മർക്കൊസ് (അപ്പൊ. 13:2,5; 12:25)

**2. ഒന്നാം സുവിശേഷ യാത്രയിൽ സഞ്ചരിച്ച സ്ഥലങ്ങൾ**

1). സുറിയായിലെ അന്ത്യൊക്യയിൽ നിന്നും യാത്ര പുറപ്പെട്ടു (അപ്പൊ. 13:3)

2). സെലൂക്യ (അപ്പൊ. 13:4)

3). കുപ്രൊസ് ദ്വീപ് (അപ്പൊ. 13:4)

4). സലമീസ് (അപ്പൊ. 13:5)

5). പാഫൊസ് (അപ്പൊ. 13:6)

6). പെർഗ്ഗ (അപ്പൊ. 13:13)

7). പിസിദ്യാ ദേശത്തിലെ അന്ത്യൊക്യ (അപ്പൊ. 13:14)

8). ഇക്കോന്യ (അപ്പൊ. 13:51; 14:1)

9). ലുസ്ത്ര (അപ്പൊ. 14:6,8)

10). ദെർബ്ബ (അപ്പൊ. 14:6,20)

11). ലുസ്ത്ര (അപ്പൊ. 14:21)

12). ഇക്കോന്യ (അപ്പൊ. 14:21)

13). പിസിദ്യാ ദേശത്തിലെ അന്ത്യൊക്യ (അപ്പൊ. 14:21)

14). പംഫുല്യ (അപ്പൊ. 14:24)

15). പെർഗ്ഗ (അപ്പൊ. 14:25)

16). അത്തല്യ (അപ്പൊ. 14:25)

17). സുറിയായിലെ അന്ത്യൊക്യയിൽ യാത്ര അവസാനിപ്പിച്ചു (അപ്പൊ. 14:26)

**3. സുറിയായിലെ അന്ത്യൊക്യയിൽ നിന്നും യാത്ര പുറപ്പെട്ടു**

ബർന്നബാസും പൗലൊസും മർക്കൊസും അടങ്ങുന്ന ചെറു സുവിശേഷ സംഘമാണ് ഒന്നാം മിഷനറി യാത്രയിൽ ഉണ്ടായിരുന്നത് (അപ്പൊ. 13:2,5). സഭയുടെ സഹകരണവും കൂട്ടയ്മയും പ്രാർത്ഥനയും സുവിശേഷ വേലക്കാർക്ക് തുണയായിട്ടുണ്ടായിരുന്നു. ഏഷ്യാമൈനറിനെ മുഖ്യലക്ഷ്യമാക്കിയുള്ള സുവിശേഷയാത്രയായിരുന്നു ഇത്. സുറിയായിലെ അന്ത്യൊക്യയിൽ നിന്നാണ് ഈ സംഘം പുറപ്പെട്ടത്.

**4. സെലൂക്യ, കുപ്രൊസ് ദ്വീപ്, സലമീസ്**

ആദ്യം അന്ത്യൊക്യയിൽ നിന്നും പതിനാറു മൈൽ ദൂരത്തിൽ സ്ഥിതി ചെയ്യുന്ന സെലൂക്യ എന്ന തുറമുഖ പട്ടണത്തിലെത്തി (അപ്പൊ. 13:4). സെലൂക്യയിൽ നിന്നും അവർ യാത്ര ചെയ്ത് കുപ്രൊസിലേക്കു (സൈപ്രസ്) യാത്രയായി (അപ്പൊ. 13:4) കിഴക്കൻ തീരത്തുള്ള സലമീസിൽ എത്തി. അവർ അവിടെ യെഹൂദന്മാരുടെ പല സിനഗോഗുകൾ സന്ദർശിച്ച് ദൈവവചനം പ്രാഗല്ഭ്യത്തോടെ പ്രസംഗിച്ചു. ഏതു യെഹൂദനെയും തിരുവെഴുത്തുകൾ വായിച്ച് വ്യാഖ്യാനിക്കുവാൻ അനുവദിക്കുക എന്നുള്ളത് യെഹൂദന്മാരുടെ പള്ളികളിൽ നിലവിലിരുന്ന രീതിയായിരുന്നു. യോഹന്നാൻ (മർക്കൊസ് - അപ്പൊ. 12:25) അവരെ സഹായിക്കുന്നതിന് ഉണ്ടായിരുന്നു (അപ്പൊ. 13:5). യെഹൂദന്മാരുടെ പള്ളികളിൽ ആദ്യം പോകുക വഴി ജാതികളുടെ അടുക്കലല്ല യെഹൂദന്മാരുടെ അടുക്കലാണ് ദൈവവചനം ആദ്യം എത്തേണ്ടത് എന്നുള്ള ദൈവനിയോഗം അനുസരിക്കുകയായിരുന്നു ഈ സുവിശേഷകന്മാർ.

**5. പാഫൊസ്**

സലമീസിൽ നിന്നും ബഹുദൂരം യാത്ര ചെയ്ത് അവർ പടിഞ്ഞാറെ തീരമായ പാഫൊസിൽ എത്തി (അപ്പൊ. 13:6). ഈ ദ്വീപിലെ ഒരു പ്രധാന വ്യവസായ കേന്ദ്രമായിരുന്നു സലമീസ്. പാഫൊസ് അതിന്റെ തലസ്ഥാനവും. അവിടെ ബർയേശു എന്നു പേരുള്ളവനായ ഒരു കള്ള പ്രവാചകനെ അവർ കണ്ടുമുട്ടി. അവന്റെ പേരിന് യേശുവിന്റെ അഥവാ യോശുവയുടെ മകൻ എന്നർത്ഥം.

അപ്പൊ. 13:8-ൽ അവന്റെ പേര് എലീമാസ് എന്നു കാണുന്നു. അവൻ യെഹൂദനായിരുന്നു (അപ്പൊ. 13:6,8). സെർഗ്ഗ്യൊസ് പൗലൊസ് എന്ന റോമൻ ദേശാധിപതിയോടു കൂടെയായിരുന്നു ബർയേശു. ഈ ദേശാധിപതിക്ക് ബർന്നബാസിന്റെയും ശൗലിന്റെയും (പൗലൊസ്) പ്രസംഗം കേൾക്കുവാൻ താല്പര്യമായിരുന്നു (അപ്പൊ. 13:7). എന്നാൽ എലീമാസ് സുവിശേഷത്തിന് എതിരായി ഇവിടെ പ്രവർത്തിക്കുന്നു.

സുവിശേഷം എവിടെ പ്രസംഗിച്ചാലും സാത്താൻ അവിടെ പ്രവർത്തനവുമായി വരും. ഇവിടെയും അതു സംഭവിച്ചു. ദൈവത്തിന്റെ പ്രവർത്തനത്തിന് എതിർപ്പ് ഒരു പ്രശ്നം അല്ല. പ്രതികൂലത്തിലും പ്രവർത്തിക്കുന്ന ദൈവം സുവിശേഷ പ്രവർത്തകരോട് കൂടെയുണ്ടയിരുന്നു. സത്യാന്വേഷിയായ ദേശാധിപതിയുടെ വിശ്വാസത്തിന് എതിരായി നിന്ന മന്ത്രവാദിയെ പൗലൊസ് പരസ്യമായി ശാസിച്ചു. പൗലൊസിന്റെ ആദ്യ അത്ഭുതപ്രവൃത്തി അവിടെയാണ് ആരംഭിച്ചത്. മന്ത്രവാദിയെ പൗലൊസ് കുരുടനാക്കി (അപ്പൊ. 13:11).

ദൈവത്തിൽ നിന്നുള്ള ന്യായവിധി കണ്ട് ദേശാധിപതി അത്യന്തം വിസ്മയിച്ചു. അതിലുപരി ബർന്നബാസിന്റെയും ശൗലിന്റെയും ഉപദേശത്തിൽ ആകൃഷ്ടനായിത്തീരുകയും ചെയ്തു. ക്രിസ്തുവിന്റെ ഒരു സത്യവിശ്വാസിയായി പരിണമിച്ച അവൻ ഒന്നാം മിഷനറിയാത്രയിൽ ലഭിച്ച ഒന്നാമത്തെ വിജയകിരീടമായിത്തീരുകയും ചെയ്തു. "*ഈ ഉണ്ടായത് ദേശാധിപതി കണ്ടിട്ട് കർത്താവിന്റെ ഉപദേശത്തിൽ വിസ്മയിച്ച് വിശ്വസിച്ചു*" (അപ്പൊ. 13:12). ദേശാധിപതിയായ സെർഗ്ഗ്യൊസ് പൗലൊസ് വിശ്വാസത്തിന് അധീനനായി. ഇങ്ങനെ ഒരാൾ വിശ്വാസിയായി മാറിയാൽ ഉണ്ടാകുന്ന, ഉണ്ടാക്കാവുന്ന മാറ്റം നമുക്ക് ഊഹിക്കാവുന്നതാണ്. അന്നത്തെ കാലത്ത് അത്ര അധികാരമുള്ള ഒരു വ്യക്തി വിശ്വാസത്തിലേക്കു വരുമ്പോൾ സാധ്യതകൾ വർദ്ധിക്കുന്നു. ആ പ്രദേശത്തെ പ്രവർത്തനങ്ങൾക്ക് വലിയൊരു മുതൽ കൂട്ടായിരുന്നു തന്റെ മാനസാന്തരം എന്നാണ് നാം വിശ്വസിക്കേണ്ടത്.

അതുവരെയും ശൗൽ എന്ന പേരിൽ അറിയപ്പെട്ടിരുന്ന വ്യക്തിക്ക് പൗലൊസ് എന്നും പേരുണ്ട് എന്ന് അപ്പൊ. 13:9-ൽ രേഖപ്പെടുത്തിയിരിക്കുന്നു. ഇവിടെ മുതൽ നാം ശൗലിനെ പൗലൊസ് എന്ന പേരിലാണ് അറിയുന്നത്.

**6. പെർഗ്ഗ**

സുവിശേഷ സംഘം പാഫൊസിൽ നിന്നും യാത്ര ചെയ്ത് പെർഗ്ഗയിൽ (അപ്പൊ. 13:13) എത്തി. പംഫുല്യയുടെ തലസ്ഥാനമായിരുന്നു പെർഗ്ഗ. പെർഗ്ഗയിലെ സന്ദർശനത്തെ സംബന്ധിച്ച് അധികമൊന്നും ലൂക്കൊസ് രേഖപ്പെടുത്തിയിട്ടില്ല. അവർ പെർഗ്ഗയിൽ എത്തിയാറെ യോഹന്നാൻ മർക്കൊസ് അവരെ വിട്ട് യെരൂശലേമിലേക്കു മടങ്ങിപ്പോയി. ജാതീയനായ സെർഗ്ഗ്യൊസ് പൗലൊസിന്റെ മാനസാന്തരം അത്ര ഇഷ്ടമല്ലാതെ വന്നുവോ? അറിയില്ല. എന്തു തന്നെ കാരണമായായാലും മർക്കൊസ് (യോഹന്നാൻ) യെരൂശലേമിലേക്കു മടങ്ങിപ്പോയി (അപ്പൊ. 13:13). ജാതികളോട് പ്രസംഗിക്കുന്നതിൽ തനിക്ക് താല്പര്യം ഇല്ലായിരുന്നുവോ? കാര്യം നിത്യത വെളിപ്പെടുത്തട്ടെ.

മർക്കൊസ് മടങ്ങിപ്പോയത് ശുശ്രൂഷയ്ക്ക് യോഗ്യമല്ലാത്തതായി പൗലൊസിനു തോന്നിയിട്ട് രണ്ടാം മിഷനറിയാത്രയിൽ മർക്കൊസിനെ കൂട്ടിക്കൊണ്ടു പോകുന്നതിനെ പൗലൊസ് തടഞ്ഞു (അപ്പൊ. 15:36-40). ഈ വിഷയത്തിൽ പൗലൊസും ബർന്നബാസും തമ്മിൽ ഉഗ്രവാദമുണ്ടായി (അപ്പൊ. 15:38). ബർന്നബാസ് മർക്കൊസിനെ കൂട്ടി യാത്ര പുറപ്പെട്ടു. രണ്ടാം മിഷനറി യാത്രയിൽ പൗലൊസും ബർന്നബാസും തമ്മിൽ പിരിയുവാനുണ്ടായ കാരണം ഇതു തന്നെ (അപ്പൊ. 15:38).

എങ്കിലും ദൈവത്തിന് മർക്കൊസിനെ ഇഷ്ടമായിരുന്നു. ആയതിനാൽ ആണ് ഒന്നാമത് എഴുതിയ സുവിശേഷം ദൈവം മർക്കൊസിനെ കൊണ്ട് എഴുതിച്ചത്. പൗലൊസിനും മർക്കൊസ് പ്രയോജനമുള്ളവനായി (2 തിമൊ. 4:11). പൗലൊസ് മർക്കൊസിനെ ഉപേക്ഷിച്ചെങ്കിലും കർത്താവും പത്രൊസും മർക്കൊസിനെ കരുതിയിരുന്നു. മർക്കൊസിന് പിൻ ബലമായിരുന്നവരാണ് ബർന്നബാസും പത്രൊസും. ബർന്നബാസിന്റെ മച്ചുനനായിരുന്നു മർക്കൊസ് (കൊലൊ. 4:10). മർക്കൊസ് എഴുതിയ സുവിശേഷം, പത്രൊസിന്റെ സുവിശേഷം എന്നും അറിയപ്പെടുന്നു. അത്ര ബന്ധമായിരുന്നു പത്രൊസും മർക്കൊസും തമ്മിൽ (1 പത്രൊസ് 5:13). ജീവിതത്തിന്റെ അവസാനത്തിൽ പൗലൊസും എഴുതി "*മർക്കൊസ് എനിക്കു ശുശ്രൂഷയ്ക്കായി ഉപയോഗമുള്ളവൻ ആകയാൽ അവനെ കൂട്ടിക്കൊണ്ടുവരിക*" (2 തിമൊ. 4:11). ചതഞ്ഞ ഓട ഒടിക്കാത്തവൻ, പുകയുന്ന തിരിയെ കെടുത്താത്തവൻ! നമ്മുടെ ദൈവത്തിന് സ്തോത്രം.

**7. പിസിദ്യാ ദേശത്തിലെ അന്ത്യോക്ക്യ**

പെർഗ്ഗയിൽ നിന്ന് അവർ എത്തിച്ചേർന്നത് പിസിദ്യാ ദേശത്തിലെ അന്ത്യോക്ക്യയിലായിരുന്നു (അപ്പൊ. 13:14). പെർഗ്ഗയിൽ നിന്ന് ആറു മൈൽ അകലെയുള്ള സ്ഥലമാണിത്. യെഹൂദന്മാരുടെ സിനഗോഗിനെ ലക്ഷ്യമാക്കിയാണ് സുവിശേഷ സംഘം യാത്രയായത്. കാരണം യെഹൂദന്മാർക്കാണ് കർത്താവിനെ വേഗത്തിൽ പരിചയപ്പെടുവാൻ കഴിയുന്നത്. ആയതിനാൽ അവർ ആ ശബ്ബത്തിൽ സിനഗോഗിൽ പോയിരുന്നു. തിരുവെഴുത്തു വായിച്ച് തീർന്ന ഉടനെ പള്ളിയുടെ ഭരണാധിപന്മാർ സന്ദർശകനെ മനസ്സിലാക്കുകയും ജനത്തെ ഉപദേശിക്കുവാൻ ക്ഷണിക്കുകയും ചെയ്തു (അപ്പൊ. 13:15). സസന്തോഷം അവർ അത് സ്വീകരിച്ചു. സുവിശേഷം പങ്കുവയ്ക്കാൻ ലഭിച്ച അസുലഭ സന്ദർഭം അവർ ഉപയോഗിച്ചു. പൗലൊസ് ആണ് പ്രസംഗിച്ചത് (അപ്പൊ. 13:16). രേഖപ്പെടുത്തപ്പെട്ട പൗലൊസിന്റെ ആദ്യ പ്രസംഗം ആയിരുന്നു ഇത്. എങ്ങനെയാണ് സുവിശേഷപ്രസംഗം എന്ന് നോക്കിപഠിക്കുവാൻ തക്ക പ്രസംഗം. ജനത്തെ അഭിസംബോധന ചെയ്യുവാൻ പൗലൊസ് എഴുന്നേറ്റു നിന്നു. പൗലൊസ് പ്രസംഗത്തിലൂടെ ജനത്തെ സ്വാധീനിച്ച വിധം മനസ്സിലാക്കണം പൗലൊസ് വ്യക്തമായി കേട്ടിട്ടുള്ള ക്രിസ്തീയ പ്രസംഗം സ്തെഫാനൊസിന്റെ പ്രസംഗം ആയിരുന്നു (അപ്പൊ. 7:58). ഇരു പ്രസംഗങ്ങളും പരിശോധിച്ചാൽ അനേകം സമാനതകൾ കാണാം. ഒരു പ്രസംഗം മറ്റൊരു പ്രസംഗകനെ എങ്ങനെയാണ് ബാധിക്കുന്നതെന്നും സ്വാധീനിക്കുന്നതെന്നും നാം ഇവിടെ നിന്നും മനസ്സിലാക്കുന്നു.

ആദ്യമെ, യെഹൂദ ചരിത്രത്തിൽ നിന്നും ഒരു അടിസ്ഥാനമിടുക. തുടർന്ന് ക്രിസ്തുവിന്റെ ജീവിതം, ശുശ്രൂഷ എന്നിവയിലേക്ക് ജനശ്രദ്ധ ആകർഷിക്കുക. അതേ തുടർന്ന് ക്രിസ്തുവിന്റെ പുനരുത്ഥാനത്തിന്റെ മികവുറ്റ തെളിവുകൾ ഹാജരാക്കുക. ഏറ്റവും ഒടുവിലായി രക്ഷിതാവിൽ കൂടെ ലഭ്യമാകുന്ന പാപമോചനത്തെ പ്രഖ്യാപിക്കുക. തിരസ്കരിച്ചാൽ വരുന്ന മഹാവിപത്തിനെപ്പറ്റി അറിയിക്കുക. ഇപ്രകാരമൊക്കെയാണ് പൗലൊസിന്റെ പ്രസംഗ രീതി.

പൗലൊസ് എഴുന്നേറ്റു നിന്നാണ് പ്രസംഗിച്ചത് (അപ്പൊ. 13:16). ആംഗ്യം കാട്ടിയാണ് പ്രസംഗിച്ചത്. ഈ പ്രസംഗരീതിയാണ് പുതിയ നിയമ പ്രസംഗകർ അനുവർത്തിക്കുന്നത് (അപ്പൊ. 21:40; 26:1). യെഹൂദ മതനേതാക്കന്മാർ സാധാരണയായി സിനഗോഗിൽ ഇരുന്നു കൊണ്ടാണ് പ്രസംഗിക്കാറുള്ളത്. പൗലൊസ് എഴുന്നേറ്റു നിന്നു പ്രസംഗിച്ചതിനാൽ പ്രാകാരത്തിൽ ശ്രദ്ധിച്ചു കൊണ്ടിരുന്ന ജാതികൾക്കും ആ പ്രഭാഷണം കേട്ടു പ്രതികരിക്കുന്നതിനിടയായി (അപ്പൊ. 13:48).

**പൗലൊസിന്റെ പ്രസംഗ വിഷയത്തിന്റെ വിഭജനം:**

1). യിസ്രായേൽ ജനത്തിന്റെ മിസ്രയീം വിടുതൽ (അപ്പൊ. 13:17)
2). മരുഭൂമിയാത്ര (അപ്പൊ. 13:18)
3). കനാൻ കീഴടക്കുന്നു (അപ്പൊ. 13:19)
4). ശമുവേൽ പ്രവാചകൻ (അപ്പൊ. 13:20)
5). ശൗൽ രാജാവ് (അപ്പൊ. 13:21)
6). ദാവീദ് രാജാവ് (അപ്പൊ. 13:22)
7). യേശു എന്ന രക്ഷിതാവ് (അപ്പൊ. 13:23)
8). യേശുവിന് മുമ്പ് യോഹന്നാൻ സ്നാപകൻ (അപ്പൊ. 13:24, 25)
9). ക്രിസ്തുവിന്റെ മരണം (അപ്പൊ. 13:27-29)
10). ക്രിസ്തുവിന്റെ ഉയിർത്തെഴുന്നേല്പ് (അപ്പൊ. 13:30, 32-37)
11). ക്രിസ്തുവിന്റെ പ്രത്യക്ഷത (അപ്പൊ. 13:31)
12). വിശ്വസിക്കുന്നവർക്ക് നീതീകരണം (അപ്പൊ. 13:38-39)
13). വിശ്വസിക്കാത്തവർക്ക് ശിക്ഷാവിധി (അപ്പൊ. 13:40-41)
14). വിശ്വസിച്ചവരായ ഒരു കൂട്ടം (അപ്പൊ. 13:43)
15). ദൈവകൃപയിൽ ഭരമേല്പിച്ചു (അപ്പൊ. 13:43)

**8. പൗലൊസ് ജാതികളിലേക്കു തിരിയുന്നു**

അടുത്ത ശബ്ബത്തിലും പട്ടണം മുഴുവനും ദൈവവചനം കേൾക്കുവാൻ വന്നു കൂടി (അപ്പൊ. 13:44). എന്നാൽ യെഹൂദന്മാർ സുവിശേഷഘോഷണത്തിന് എതിരായി (അപ്പൊ. 13:45). എന്നാൽ പൗലൊസും ബർന്നബാസും അവരോട് പറയുന്ന വാക്കുകൾ ഇപ്രകാരമാണ്: "*ദൈവവചനം ആദ്യം നിങ്ങളോടു പറയുന്നത് ആവശ്യമായിരുന്നു. എന്നാൽ നിങ്ങൾ അതിനെ തള്ളി നിങ്ങളെത്തന്നെ*

# തിരുവെഴുത്തിലെ ഏഴു പൗരോഹിത്യങ്ങൾ – 23

വർഗ്ഗീസ് കെ. കുര്യൻ, പാമ്പാടി

15 -

## F. യേശുക്രിസ്തുവിന്റെ പൗരോഹിത്യം

### 2. മഹാപുരോഹിതനായ ക്രിസ്തുവിന്റെ പ്രത്യേകതകൾ

ക്രിസ്തു ചരിത്രത്തിന്റെ രേഖകൾ ആണ് നാലു സുവിശേഷങ്ങൾ. സാക്ഷാൽ സുവിശേഷമായ യേശുക്രിസ്തുവിനെ നാലു വ്യത്യസ്ഥ വീക്ഷണ കോണുകളിൽ നിന്നു നാലു ചരിത്രകാരന്മാർ നോക്കി കണ്ടു മനസ്സിലാക്കിയ വസ്തുതകൾ അവർ രേഖപ്പെടുത്തി. ഓരോ എഴുത്തുകാരന്റെയും മനസ്സിലുണ്ടായിരുന്ന ക്രിസ്തു ദർശനത്തിന്റെ ബഹിർഗമനമാണ് ഓരോ സുവിശേഷവും. സഭാരൂപീകരണ ശേഷം ആറുപതിറ്റാണ്ടുകൾ പിന്നിട്ടപ്പോൾ ക്രിസ്തുവിനെക്കുറിച്ചു ആഴമായ സത്യങ്ങൾ ഗ്രഹിക്കുവാൻ പ്രാപ്തിയുള്ള ദൈവസഭാംഗങ്ങളെ മുമ്പിൽ കണ്ടു യോഹന്നാൻ സുവിശേഷം എഴുതിയാരംഭിച്ചപ്പോൾ ക്രിസ്തുവിന്റെ നിത്യാസ്തിക്യം തുടങ്ങിയാണ് എഴുതി ആരംഭിച്ചത്. അതായതു ആദിയുടെ പിൻപിൽ ഉണ്ടായിരുന്ന അനാദിയിൽ വചനം ഉണ്ടായിരുന്നു. സാക്ഷാൽ വചനമായ ക്രിസ്തുവിനു ഒരാരംഭവുമില്ല എന്നർത്ഥം.

എന്നാൽ മത്തായി സുവിശേഷമെഴുതി ആരംഭിക്കുന്നതു ക്രിസ്തുവിന്റെ പൂർവ്വാ സ്തിത്യകൃത്തിന്റെ ചുവടുപിടിച്ചാണ്. യഹൂദ വായനക്കാർക്ക് സുവിശേഷം വിളമ്പി കൊടുക്കുമ്പോൾ അവരുടെ പ്രതീക്ഷാവിഷയമായ മശീഹാ അബ്രഹാമ്യ വംശത്തിൽ ദാവീദു പുത്രനായി ജനിച്ച യേശുവാണെന്നു സമർത്ഥി ച്ചിരിക്കുകയാണ്. ദാവീദിൽ നിന്നു ശലോമോൻ, രെഹബെയാം എന്നീ രാജാക്കന്മാരുടെ വംശാവലിയിൽ കാണുന്ന യോസേഫിന്റെ ഭാര്യ മറിയയിലൂടെ യേശു ജനിച്ചു. മറ്റെല്ലാവരും ജനിപ്പിക്കപ്പെട്ടപ്പോൾ പുരുഷബന്ധം കൂടാതെ യേശു മറിയയിലൂടെ ജഡം ധരിക്കയായിരുന്നു.

എന്നാൽ ലൂക്കൊസ് ആകട്ടെ പൂർണ്ണ മനുഷ്യനെ അന്വേഷിച്ചുകൊണ്ടിരുന്ന ഗ്രീക്കുകാർക്ക് സമ്പൂർണ്ണ മനുഷ്യനായ യേശുവിനെ തന്റെ കൃതിയിലൂടെ അവതരിപ്പിച്ചിരുന്നു. തികവുറ്റ മനുഷ്യനായ യേശുവിന്റെ വംശാവലി ചെന്നെത്തുന്നതു ആദമിലാണ്. ഈ വംശാവ ലിയിൽ മറിയയുടെ ഭർത്താവായ യോസേഫ് ഹേലിയുടെ മകൻ എന്നു കാണുന്നു. മത്തായിയിലാകട്ടെ യോസേഫിനെ ജനിപ്പിച്ചതു യാക്കോബാണെന്നു കാണുന്നു. അപ്പോൾ ലൂക്കൊസിലെ ചരിത്രമനുസരിച്ച് യോസേഫ് ഹേലിയുടെ മരുമകൻ ആണെന്നു തീരുമാനിക്കാം. ശൗൽ ദാവീദിനെ എന്റെ മകനെ എന്നു വിളിച്ചതു ഇതിനു ഉദാഹരണമാണ്. ലൂക്കൊസിന്റെ വംശാവലിയിൽ രാജാക്കന്മാരെ കഴിയുന്നേടത്തോളം ഒഴിവാക്കിയും മറിയയുടെ വംശാവലി രേഖപ്പെടുത്തുകയും വേണ്ടിയിരുന്നതിനാൽ ശലോമോനു പകരം ദാവീദിന്റെ മറ്റൊരു മകനായ നാഥാനിലൂടെയാണ് വംശാവലി പുരോഗമിച്ചിരിക്കുന്നത്. മർക്കൊസിന്റെ എഴുത്തിൽ വിശ്രമരഹിതരായ റോമാക്കാർക്കു യേശുവിനെ പരിചയപ്പെടുത്തുന്നത് വിശ്രമരഹിതമായി ജോലി ചെയ്ത ദാസനായ യേശുവായിട്ടാണ്.

വംശാവലിയിലെ അത്ഭുതകരമായ മറ്റൊരു സത്യം മത്തായി 1:1-ൽ കാണുന്നത് അബ്രഹാമിന്റെ പുത്രനായ ദാവീദിന്റെ പുത്രനായ യേശുക്രിസ്തുവിന്റെ വംശാവലി എന്നാണ്. രാജാക്കന്മാരുടെ വംശത്തിൽ യഹൂദന്മാരുടെ രാജാവായി പിറന്ന യേശുവിന്റെ വംശാവലി ദാവീദിൽ തുടങ്ങിയല്ലേ ആരംഭിക്കേണ്ടത്? അതേ.

---

*നിത്യജീവന് അയോഗ്യർ എന്ന് വിധിച്ചുകളയുന്നതിനാൽ ഇതാ, ഞങ്ങൾ ജാതികളിലേക്കു തിരിയുന്നു"* (അപ്പൊ. 13:46). "*ജാതികൾ ഇതു കേട്ടു സന്തോഷിച്ചു ദൈവവചനത്തെ മഹത്വപ്പെടുത്തി, നിത്യജീവനായി നിയമിക്കപ്പെട്ടവർ എല്ലാവരും വിശ്വസിച്ചു*" (അപ്പൊ. 13:48). കർത്താവിന്റെ വചനം ആ നാട്ടിൽ എല്ലാം പരന്നു (അപ്പൊ. 13:49). യെഹൂദന്മാരുടെ എതിർപ്പ് ഉണ്ടായിട്ടും വചനം പരന്നു വ്യാപിച്ചു. പൗലൊസും ബർന്നബാസും അവരെ പുറത്താക്കിയവരുടെ മുമ്പാകെ അവരുടെ കാലിലെ പൊടി തട്ടിക്കളഞ്ഞു. അതു കർത്താവിന്റെ കല്പനയായിരുന്നു (ലൂക്കൊസ് 9:5; 10:11). പുതിയശിഷ്യന്മാരാകട്ടെ സന്തോഷവും പരിശുദ്ധാത്മാവും നിറഞ്ഞവരായിത്തീർന്നു (അപ്പൊ. 13:52). ദൈവവചനം കേട്ടതിനാലുള്ള സന്തോഷം; ദൈവം രക്ഷിച്ചതിലുള്ള സന്തോഷം! **(തുടരും)**

എന്നാൽ യേശുക്രിസ്തു രാജാവ് മാത്രമല്ല, മഹാപുരോഹിതനും കൂടെ ആണെന്നു തെളിയിക്കണം. അബ്രഹാമിന്റെ പേരു ചേർത്തപ്പോൾ അബ്രഹാമിലൂടെ യഹൂദയും ദാവീദും മാത്രമല്ല ജനിച്ചത്, ലേവിയും അഹരോനും ജനിച്ചു എന്നത് മറ്റൊരർത്ഥം. മാത്രവുമല്ല, മൽക്കീസേദെക്കിന്റെ പൗരോഹിത്യവുമായി അബ്രഹാമിനു ബന്ധമുണ്ടായിരുന്നു. ചുരുക്കത്തിൽ യേശുക്രിസ്തുവിന്റെ പൗരോഹിത്യ സൂചനയോടെയാണ് പുതിയ നിയമം ആരംഭിക്കുന്നത്. നാലു സുവിശേഷങ്ങളും യേശുവിന്റെ പൗരോഹിത്യത്തോടു ബന്ധിപ്പിക്കാവുന്നതാണ്. മത്തായി എഴുതിയ സുവിശേഷത്തിൽ അബ്രഹാമ്യ വംശത്തിലെ മഹാപുരോഹിതൻ, യോഹന്നാനിൽ അവൻ നിത്യൻ ആകയാൽ പൗരോഹിത്യവും നിത്യമായേ തീരൂ. ലൂക്കൊസിൽ അവൻ മനുഷ്യനായി തീർന്ന മഹാപുരോഹിതനും മർക്കൊസിൽ സദാ വിശ്രമരഹിതനായി ശുശ്രൂഷിക്കുന്ന പുരോഹിതനുമാണ്.

നാലു സുവിശേഷങ്ങളുടെ ആരംഭവും ഉള്ളടക്കവും പോലെ തന്നെ അവയുടെ പരിസമാപ്തിയും വളരെ പ്രധാനപ്പെട്ടതാണ്. മത്തായി അവസാനിപ്പിക്കുന്നത് യേശുക്രിസ്തുവിന്റെ ഉയിർത്തെഴുന്നേല്പിനോടു കൂടെയും യോഹന്നാൻ മത്സ്യബന്ധനം അഥവാ സുവിശേഷ വേലയും ആടുകളെ മേയ്ക്കുന്ന ഇടയശുശ്രൂഷയോടും കൂടെയും ലൂക്കൊസ് ക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണത്തോടു കൂടെയും അവസാനിപ്പിക്കുമ്പോൾ മർക്കൊസാകട്ടെ സ്വർഗ്ഗത്തിലെത്തിയ ക്രിസ്തു പിതാവിന്റെ വലത്തു ഭാഗത്തു ഇരുന്നതോടു കൂടെയാണ് (16:19). സ്വർഗ്ഗത്തിലെത്തിയ ക്രിസ്തു ഇന്നു എന്തു ചെയ്യുന്നു എന്നു 4 സുവിശേഷങ്ങളിലും വിവരണങ്ങളില്ല. അപ്പൊസ്തല പ്രവൃത്തികളിലും ഒരു ലേഖനം ഒഴികെ മറ്റൊരു ലേഖനത്തിലും പരാമർശനങ്ങളില്ല. വെളിപ്പാടു പുസ്തകവും ഇക്കാര്യത്തിൽ മൗനം ദീക്ഷിക്കുന്നു.

ക്രിസ്തുവിന്റെ സ്വർഗ്ഗത്തിലെ മഹാപുരോഹിത ശുശ്രൂഷയെ വിവരിക്കുന്നതു എബ്രായ ലേഖനത്തിൽ മാത്രമാണ്. സ്വർഗ്ഗാരോഹണം ചെയ്ത ക്രിസ്തുവിന്റെ ദർശനങ്ങളും വെളിപ്പാടുകളും അവന്റെ ശബ്ദവും ഏറ്റവും അധികം ലഭിച്ച പൗലൊസു തന്നെയാണിതിന്റെ രചയിതാവ്. ഈ എബ്രായ ലേഖനത്തിൽ യേശുക്രിസ്തു എന്ന മഹാപുരോഹിതന്റെ വ്യക്തിയുടെ മാഹാത്മ്യവും ശുശ്രൂഷാ മേന്മയും സമന്വയിപ്പിച്ചു ചേർത്തിട്ടുണ്ട്. ഇവ രണ്ടും തുല്യ പ്രാധാന്യമുള്ളതും ഒരു നാണയത്തിന്റെ ഇരുവശങ്ങൾ പോലെ പ്രാധാന്യമുള്ളതും ആകുന്നു. മൽക്കീസേദെക്കിന്റെ വ്യക്തിത്വം ശ്രേഷ്ഠമായിരുന്നെങ്കിലും ശുശ്രൂഷകൾ അജ്ഞാതമാണ്. അഹരോന്റെയാകട്ടെ ശുശ്രൂഷകൾ നല്ലതും വ്യക്തിത്വം മോശവുമായിരുന്നു. എന്നാൽ ക്രിസ്തു എന്ന മഹാപുരോഹിതൻ ഇവരെല്ലാവരെക്കാളും ശ്രേഷ്ഠനും യോഗ്യനുമാണ് എന്നു എബ്രായ ലേഖനം കാര്യകാരണസഹിതം തെളിയിക്കുന്നു. ഇക്കാരണത്താലാണ് എബ്രായ ലേഖനത്തെ അഞ്ചാമത്തെ സുവിശേഷം എന്നു വിളിക്കാറുള്ളത്. എബ്രായർ 4:14-16-ൽ മഹാപുരോഹിതനായ ക്രിസ്തുവിന്റെ ആളത്വത്തിന്റെയും ശുശ്രൂഷയുടെയും പത്തു പ്രത്യേകതകൾ വ്യക്തമാക്കിയിട്ടുണ്ട്.

**1. ദൈവപുത്രനായ യേശു എന്ന മഹാപുരോഹിതൻ**

ഒന്നാമത്തെ പ്രത്യേകത, അവൻ ദൈവപുത്രനായ യേശു എന്ന മഹാപുരോ ഹിതനാണ്. കഴിവും സ്വാധീനവുമുള്ള അനേക സ്ത്രീ പുരുഷന്മാരെ ആരാധിക്കയും അവരെ ദൈവങ്ങളായി അംഗീകരിക്കുകയും ചെയ്യുമ്പോൾ അവരെ മനുഷ്യദൈവങ്ങളാക്കുകയാണ്. എന്നാൽ യേശുക്രിസ്തുവാകട്ടെ ദൈവപുത്രനായ യേശു എന്ന ദൈവമനുഷ്യനാണ്. അവന്റെ ദൈവത്വത്തോടു മനുഷ്യത്വവും കൂടെ ചേർത്തു ഒരു ആളത്വമായി തീർന്നവനാണ്. അവനു മനുഷ്യത്വമുള്ളതു കൊണ്ടു നമ്മെ മനസ്സിലാക്കുവാനും നമ്മുടെ പ്രശ്നങ്ങളും വേദനകളും ഗ്രഹിക്കുവാനും കഴിവുണ്ട്. അപ്പോൾ തന്നെ ദൈവപുത്രനായതു കൊണ്ട് പരിഹാരങ്ങൾ നൽകുവാനും കഴിയുന്നവനാണ്. ഇങ്ങനെയുള്ള ഒരു മദ്ധ്യസ്ഥ മഹാപുരോഹിതനാണ് നമുക്കു വേണ്ടത്.

**2. ആകാശത്തിൽ കൂടി കടന്നു പോയ മഹാപുരോഹിതൻ**

രണ്ടാമത്തെ പ്രത്യേകത, അവിടുന്നു ആകാശത്തിൽ കൂടി കടന്നു പോയ മഹാപുരോഹിതനാണ്. അഹരോന്യ മഹാപുരോഹിതന്മാർ കേവലം കൂടാരത്തിലും ദൈവാലയത്തിലും പൗരോഹിത്യജോലി ചെയ്തിരുന്നു. അവർക്കു ആണ്ടിലൊരിക്കൽ തിരശ്ശീലയിൽ കൂടി കടന്നു അതിവിശുദ്ധസ്ഥലത്തേക്കു കടക്കാമായിരുന്നു. അതും ഭയത്തോടും വിറയലോടും കൂടെ മാത്രവും രക്തം കൈകളിലേന്തിയും ആയിരുന്നു. എന്നാൽ

# ദൈവസഭയുടെ മാന്യതയും ക്രമവും - 8

ഉമ്മൻ ജോർജ്ജ്, തിരുവനന്തപുരം

**34. സഭാപരിപാലനത്തിന്റെ ഉത്തരവാദിത്തം കർത്താവ് ആരെ ഏല്പിച്ചിരിക്കുന്നു?**

ഞാൻ ഇന്നു കൈകാര്യം ചെയ്യുന്ന വിഷയങ്ങളിൽ ഏറ്റവും പ്രാധാന്യമേറിയത് സഭാപരിപാലനം എന്ന ഈ വിഷയം തന്നെയാണ്. അതുകൊണ്ട് തന്നെ മാന്യവായനക്കാരുടെ പൂർണ്ണശ്രദ്ധ ഞാൻ ഇതിലേക്കു ക്ഷണിക്കുന്നു. കാതലായ ഈ വിഷയം കൈകാര്യം ചെയ്യുമ്പോൾ പ്രായോഗികമായ ചില സത്യങ്ങൾ മറച്ചുവെക്കുന്നത് ഭൂഷണമല്ല എന്നും ഞാൻ കരുതുന്നു. രണ്ടാം ലോകമഹായുദ്ധത്തിനു ശേഷം അമേരിക്കയും അന്നത്തെ സോവിയറ്റ് യൂണിയനും (ഇന്നത്തെ റഷ്യ) തമ്മിൽ ദീർഘ വർഷങ്ങൾ ശീതസമരം നടത്തിയിരുന്നു എന്നുള്ളത് ഒരു ചരിത്ര സത്യമാണ്. അതേപോലെ തന്നെ ചില പ്രാദേശിക സഭകളിലെങ്കിലും സഭാഭരണത്തിനു വേണ്ടി സുവിശേഷകന്മാരും മൂപ്പന്മാരും തമ്മിൽ ശീതസമരവും തന്മൂലം പ്രശ്നങ്ങളും ഉണ്ടാകുന്നു എന്നത് പരസ്യമായ ഒരു രഹസ്യമാണ്. സഭയിൽ അധികാരത്തിനും സ്ഥാനമാനങ്ങൾക്കും വേണ്ടിയുള്ള ഒരു വടംവലിയായിട്ടെ ഇതിനെ കാണുന്നുള്ളൂ. ഇതു പറയുമ്പോൾ 1 കൊരി 9:26-ൽ അപ്പൊസ്തലൻ ഉപയോഗിച്ച ഒരു പ്രയോഗമാണ് എന്റെ മനസ്സിലേക്ക് കടന്നു വരുന്നത്. ചിലരൊക്കെ നിശ്ചയമില്ലാത്തവണ്ണം ആകാശത്തെ കുത്തുന്നതു പോലെ കാര്യങ്ങൾ പറയാറുണ്ട്. അല്പം ഗ്രാമീണ ഭാഷ ഉപയോഗിച്ചാൽ കാടേലും പടർപ്പേലും തല്ലുന്ന രീതിയിലുള്ള പ്രസ്താവനകൾ; അതെന്റെ രീതിയല്ല. ആധികാരികമായി ഈ പ്രസ്താവന നടത്തുന്നതിന് ഉപോൽബലകമായ ഒരു സാഹചര്യം ഒരിക്കൽ ഉണ്ടായി.

സർവ്വീസിൽ ഇരിക്കുന്നവരും വിരമിച്ചവരും അതുപോലെ തന്നെ വിദേശരാജ്യങ്ങളിൽ നിന്നും തിരിച്ചു വന്നവരും തങ്ങളുടെ പണത്തിന്റെയും പ്രതാപത്തിന്റെയും സ്വാധീനത്തിൽ മൂപ്പന്മാരായിത്തീരുന്നു എന്ന് സുവിശേഷകനായ ഒരു സഹോദരൻ എന്റെയും സഭയിലെ മറ്റൊരു സഹോദരന്റെയും മുഖത്തുനോക്കി ഒരിക്കൽ പറഞ്ഞു. അതിനിടയിൽ 'അച്ചായന്മാർ' എന്ന ഒരു പ്രയോഗം കൂടെ നടത്തിയപ്പോൾ മനസ്സ് അല്പം വേദനിച്ചു. സുവിശേഷകനായിരുന്ന തന്നെ സഭയിലെ മൂപ്പന്മാരിൽ ഒരാളായികൂടെ അംഗീകരിക്കാ

---

യേശുവാകട്ടെ ആകാശത്തിൽ കൂടെ കടന്നു സ്വർഗ്ഗമാകുന്ന അതിവിശുദ്ധ സ്ഥലത്തു പിതാ വിന്റെ മുമ്പാകെ മദ്ധ്യസ്ഥശുശ്രൂഷ ചെയ്യുന്ന വനാണ്.

**3. ശ്രേഷ്ഠ മഹാപുരോഹിതൻ**

മൂന്നാമതായി, അവൻ ശ്രേഷ്ഠ മഹാപുരോഹിതനാണ്. മനുഷ്യശുശ്രൂഷകരെല്ലാം കേവലം മനുഷ്യരാകയാൽ അവരെ ആരെയും ശ്രേഷ്ഠർ എന്നു വിളിക്കുവാൻ പാടുള്ളതല്ല. പുരോഹിതരിലും മഹാപുരോഹിതരിലും ശ്രേഷ്ഠൻ ക്രിസ്തുമാത്രമാണ്. മാനുഷികമായി ചിന്തിച്ചാൽ അഹരോൻ ശ്രേഷ്ഠനാണ്. എന്നാൽ ദൈവപുത്രനുമായി താരതമ്യപ്പെടുത്തിയാൽ അഹരോൻ ശ്രേഷ്ഠനല്ല. അഹരോന്യ പിൻതുടർ ച്ചക്കാരായി വന്ന 84 മഹാപുരോഹി തന്മാരും ശ്രേഷ്ഠ മഹാപുരോഹിതരായിരുന്നില്ല. യേശുക്രി സ്തു മാത്രമാണ് ശ്രേഷ്ഠ മഹാപുരോഹിതൻ.

എബ്രായ ലേഖനം എഴുതിയതിന്റെ ചരിത്രപരമായ പശ്ചാത്തലം തന്നെ പീഡ ഭയന്നു ക്രിസ്തീയ കൂട്ടായ്മയിൽ നിന്നു പിന്മാറിയിരുന്ന യഹൂദ ക്രിസ്താനികളെ മടക്കി വരുത്തുന്നതിനു വേണ്ടിയായിരുന്നു. അവർ പിന്മാറിപ്പോയാൽ യഹൂദമതത്തിൽ ചെന്നു ചേർന്നേ മതിയാവൂ. അപ്രകാരം സംഭവിച്ചാൽ ഏറെ ശ്രേഷ്ഠമായതിൽ നിന്നും നല്ലവരിലേക്കു അധഃപതിക്കയായിരിക്കും. അവർ നല്ലവരാണെങ്കിലും ശ്രേഷ്ഠരല്ലാത്ത കാരണത്താലാണ് എബ്രായ ലേഖനത്തിന്റെ 13 അദ്ധ്യായങ്ങളിൽ 13 {] nh i ywt{i j V³ , ശ്രേഷ്ഠം എന്ന വാക്ക് ഉപയോഗിച്ചിട്ടുള്ളത്.

വിശ്വാസികളായ ക്രിസ്തു ഭക്തർക്ക് യേശുക്രിസ്തു എന്നും ശ്രേഷ്ഠനാണ്. പത്രൊസ് പറയുന്നത് വിശ്വസിക്കുന്നവരായ നിങ്ങൾക്കു അവൻ വിലയേറിയവൻ (മാന്യൻ) എന്നാണ് (1 പത്രൊസ് 2:7 ഇംഗ്ലീഷ് പരിഭാഷ). നമുക്കു വിലയും നിലയും മാന്യതയും ലഭിച്ചത് അവൻ മൂലമാണ്. അതേ, അവനൊപ്പം പറയാനൊരു ആളുമില്ല, അവനെപ്പോൽ ആരാധ്യരാരുമില്ല. അവനെ നമുക്കു ആശ്രയിക്കാം; ആരാധിക്കാം **(തുടരും)**

തിരുന്നതിന്റെ ക്ഷോഭം മൂലമാണ് അപ്രകാരം ആ സഹോദരൻ പറഞ്ഞത്. വെട്ടൊന്ന്, മുറി രണ്ട് എന്ന രീതിയിലുള്ള പ്രസ്താവന ചെയ്യരുത് എന്ന് അറിയാമായിരുന്നതുകൊണ്ട് ഞങ്ങൾ രണ്ടു പേരും പ്രതികരിച്ചില്ല. ഭാഗ്യവശാൽ ഈ പ്രിയപ്പെട്ടവൻ ഇപ്പോൾ സഭയിലെ മൂപ്പന്മാരുടെ പട്ടികയിൽ എത്തപ്പെട്ടിരിക്കുകയാണ്. അതു വലിയ ആശ്വാസം തരുന്നതുമാണ്.

ആ സംഭവം അങ്ങനെ കടന്നു പോയെങ്കിലും പിന്നീട് ഒരു പുനർവിചിന്തനം ഉണ്ടായപ്പോൾ ഒരു പക്ഷേ ഇതുപോലെയുള്ള അഭിപ്രായങ്ങൾ വെച്ചു പുലർത്തുന്ന സുവിശേഷകന്മാരായ സഹോദരന്മാർ മറ്റു പലയിടങ്ങളിലും ഉണ്ടാകാം എന്ന ചിന്ത വന്നപ്പോൾ മൂപ്പന്മാർ, സുവിശേഷകന്മാർ, അവരുടെ ശുശ്രൂഷകൾ എന്ന വിഷയത്തെക്കുറിച്ച് തിരുവചനം എന്തു പറയുന്നു എന്ന് പഠിക്കുവാൻ ആഗ്രഹിച്ചു.

ഈ പഠനത്തിൽ നിന്നു എനിക്കു ലഭിച്ച ചിന്തകളോട് എല്ലാവരും യോജിക്കും എന്ന ധാരണയോ യോജിക്കേണം എന്ന നിർബന്ധമോ എനിക്കില്ല. ചിലരൊക്കെ, വിശേഷാൽ അധികാരത്തോട് താല്പര്യമുള്ള സുവിശേഷകന്മാരായ സഹോദരങ്ങൾ എതിർപ്പു പ്രകടിപ്പിച്ചു എന്നു വരാം. അത് എനിക്കു വിഷയമല്ല. ലഭിച്ച ചിന്തകൾ മുഴുവൻ പകർത്തുവാൻ നിർവ്വാഹമില്ല. കാരണം അതിനു ഒരുപാടു പേജുകൾ വേണ്ടിവരും. വളരെ പ്രേരണ തോന്നിയ ചില ചിന്തകൾ മാത്രം രേഖപ്പെടുത്തുകയാണ്.

**35. ദൈവസഭ കുത്തഴിഞ്ഞ ഒരു പ്രസ്ഥാനമാണോ?**

സ്വർഗ്ഗത്തിൽ വേരുള്ളതെങ്കിൽ ദൈവസഭ കുത്തഴിഞ്ഞ ഒരു പ്രസ്ഥാനമല്ല. ദൈവമായ കർത്താവ് കലക്കത്തിന്റെ ഗുരുഭൂതൻ ആണെന്നു വിശ്വസിക്കുവാൻ ഞാൻ തയ്യാറല്ല. സഭകളിൽ ഏതെങ്കിലും കലക്കം ഉണ്ടാകുന്നു എങ്കിൽ അതിനു കാരണക്കാർ മനുഷ്യരായ നാം തന്നെയാണ്. സഭാകാന്തനായ കർത്താവ് പുതിയനിയമ സഭയിൽ നാലു കൂട്ടരെ നിയമിച്ചിട്ടുണ്ട് എന്ന് എഫെ. 4:11-ൽ നിന്നും മനസ്സിലാക്കുവാൻ സാധിക്കും. അപ്പൊസ്തലന്മാർ, പ്രവാചകന്മാർ, സുവിശേഷകന്മാർ, ഇടയന്മാർ എന്നിങ്ങനെയാണ് അവിടെ കൊടുത്തിരിക്കുന്ന സ്ഥാനങ്ങൾ. പണ്ഡിതനായ ഒരു ദൈവദാസൻ ഇപ്രകാരം എഴുതിയിട്ടുണ്ട്: "പ്രാരംഭ ദശയിൽ കർത്താവ് തന്റെ സഭയ്ക്കു നൽകിയ അസാധാരണ ദാനങ്ങൾ ആയിരുന്നു അപ്പൊസ്തലന്മാരും പ്രവാചകന്മാരും."

മൂപ്പൻ, ഇടയൻ, അദ്ധ്യക്ഷൻ ഇവ മൂന്നും വ്യത്യസ്ഥ നിലയിൽ ഒരേ പദവി സൂചിപ്പിക്കുന്ന പദങ്ങൾ ആണ് എന്നത് വചനത്തിൽ നിന്നും വ്യക്തമാണല്ലോ (അപ്പൊ. 20:17,28; തീത്തൊസ് 1:5,7; 1 പത്രൊസ് 5:1-5 എന്നീ ഭാഗങ്ങൾ കാണുക).

**36. ആനയേയും അണ്ണാനേയും വകതിരിച്ചു മനസ്സിലാക്കണം**

എഫെ. 4:11-ലെ ചിലരെ എന്ന പ്രയോഗം വളരെ അർത്ഥവത്താണ്. നിയമനം ലഭിച്ചവർ അവരവരുടെ ശുശ്രൂഷ നിവർത്തിച്ചാൽ മതി എന്നു സാരം. ഉപദേഷ്ടാക്കന്മാർ എന്ന പദത്തിനു മുമ്പായി ചിലരെ എന്ന പ്രയോഗം കൊടുത്തിട്ടുമില്ല. മാത്രമല്ല, ഉപദേഷ്ടാക്കന്മാർ എന്ന വാക്ക് ഇടയന്മാർ എന്ന വാക്കിനോട് ചേർത്താണ് ഉപയോഗിച്ചിരിക്കുന്നത്. അദ്ധ്യക്ഷൻ (മൂപ്പൻ) ഉപദേശിക്കുവാൻ സമർത്ഥനും ആയിരിക്കണം എന്ന് പൗലൊസ് സ്പഷ്ടമായി പറയുന്നുമുണ്ട്. (1 തിമൊ. 3:1-2). അതേ സമയം സുവിശേഷകന്മാർ ഉപദേഷ്ടക്കന്മാർ ആയിരിക്കരുത് എന്ന അർത്ഥം ഇവിടെ ഇല്ലാതാനും. കാര്യങ്ങൾ വകതിരിച്ചു മനസ്സിലാക്കുവാനുള്ള കഴിവ് ദൈവമക്കൾക്കു ഉണ്ടായിരിക്കണം. അല്ലെങ്കിൽ ആനയെയും അണ്ണാനെയും ഒരേ രീതിയിൽ കാണണം.

**37. സുവിശേഷകൻ മൂപ്പന്റെ ശുശ്രൂഷ കൂടെ ചെയ്യരുതോ?**

ഇവിടെ സ്വാഭാവികമായി ഒരു സംശയവും അതോടു ചേർന്നുള്ള ഒരു ചോദ്യവും ഉയരാം. സുവിശേഷകനായി കർത്താവിൽ നിന്നും നിയമനം ലഭിച്ച ഒരാൾക്കു മൂപ്പന്റെ ശുശ്രൂഷ കൂടെ ചെയ്യുവാൻ പാടില്ലേ? അർത്ഥവത്തായ ഒരു ചോദ്യമാണത്. ചില പ്രത്യേക സാഹചര്യങ്ങളിൽ ചെയ്യാം എന്നു തന്നെയാണ് അതിനുള്ള മറുപടി. ഉദാഹരണത്തിനു ഒരു സുവിശേഷകന് തന്റെ പ്രയത്നഫലമായി ഒരു പുതിയ സ്ഥലം സഭ രൂപീകരിക്കുവാൻ ഭാഗ്യം ലഭിച്ചാൽ പ്രസ്തുത സഭയുടെ പരിപാലനത്തിനായി ആ സഭയിൽ നിന്നു തന്നെ ചില സഹോദരന്മാർ പ്രാപ്തരാകുന്നതുവരെ അദ്ദേഹം മൂപ്പൻ ശുശ്രൂഷകൂടെ ചെയ്യുന്നതിൽ ഒരു അപാകതയും ഞാൻ കാണുന്നില്ല. തുടർന്ന് സുവിശേഷകന്മാർ ആത്മാക്കളെ സഭയിലേക്കു കൊണ്ടുവരുന്ന ശുശ്രൂഷയിൽ വ്യാപൃതരായിരിക്കുകയും മൂപ്പന്മാർ അഥവാ ഇടയന്മാർ വിശ്വാസികളെ ദൈവസ്നേഹത്തിലും പത്ഥ്യോപദേശത്തിലും പരിപാലിക്കുകയും വേണം. ആജീവനാന്തം സഭയിലെ മൂപ്പനായിരിക്കുവാൻ സുവിശേഷകന്മാർ ആഗ്രഹിക്കരുത് എന്നു സാരം.

സഹോദരിമാരോട്

# കരുതൽ ദൈവികമോ മാനുഷികമോ?

കുഞ്ഞമ്മ ചാക്കോ

ദൈവം തന്റെ ജനത്തെ മിസ്രയീമിന്റെ അടിമത്വത്തിൽനിന്നും വിടുവിച്ച് 40 വർഷം അത്ഭുതകരമായി മരുഭൂമിയിൽകൂടി വഴി നടത്തി കനാനിൽ എത്തിച്ചു. അവർക്കു ന്യായപ്രമാണവും ചട്ടങ്ങളും കല്പനകളും കൊടുത്തു. ന്യായാധിപന്മാരെയും പ്രവാചകന്മാരെയും കൊടുത്തു. എന്നാൽ മരുഭൂമിയിൽ ദൈവം നടത്തിയ വഴികളെല്ലാം ഈ ദൈവത്തിന്റെ ജനം മറന്നു. അവർ ശമൂവേലിനോട് "*സകല ജാതികൾക്കുമുള്ളതുപോലെ ഞങ്ങളെ ഭരിക്കേണ്ടതിനു ഞങ്ങൾക്കു ഒരു രാജാവിനെ നിയമിച്ചുതരേണം*" (1 ശമൂ. 8:5) എന്നാവശ്യപ്പെട്ടു. ശമൂവേലിന് ഈ അപേക്ഷ അനിഷ്ടമായി തോന്നി. അവൻ ദൈവത്തോടു പ്രാർത്ഥിച്ചു. യഹോവ ശമൂവേലിനോട് പറഞ്ഞത് ഇപ്രകാരമാണ്: "*അവർ നിന്നെയല്ല. ഞാൻ അവരെ ഭരിക്കാതെവണ്ണം എന്നെയാകുന്നു തൃജിച്ചിരിക്കുന്നതു. ഞാൻ അവരെ മിസ്രയീമിൽനിന്നും പുറപ്പെടുവിച്ച നാൾ മുതൽ ഇന്നുവരെ അവർ എന്നെ ഉപേക്ഷിച്ചും അന്യദൈവങ്ങളെ സേവിച്ചുംകൊണ്ട് എന്നോടു ചെയ്തതുപോലെ നിന്നോടും ചെയ്യുന്നു*" (1 ശമൂ. 8:7–8).

പ്രിയ സഹോദരിമാരേ, ദൈവജനത്തിന്റെ ഭരണകർത്താവും സംരക്ഷകനും പരിപാലകനും സർവ്വശക്തനായ ദൈവം ആയിരിക്കെ, ദൈവിക കരുതൽ അനുഭവിച്ച യിസ്രായേൽ ജനം ദൈവത്തെ തൃജിച്ചു. മനുഷ്യബലത്തിൽ അവർ ആശ്രയിച്ചതിന്റെ അനന്തര ഫലം എത്ര ഭയങ്കരം ആയിരുന്നു! അവരുടെ സന്തതി അന്യരാജ്യങ്ങളിൽ പ്രവാസികളായി പോകേണ്ടിവന്നു. മനുഷ്യന്റെ നിരൂപണമൊക്കെയും എത്ര ദോഷമുള്ളതാണ്. ആദിമ കാലത്തുതന്നെ ദൈവിക ഭരണം വെടിഞ്ഞു സ്വന്തബലത്തിൽ മുമ്പോട്ടു പോകാൻ ജനം ശ്രമിച്ചതായി കാണാം. ഉല്പത്തി 11:1–8 വരെയുള്ള വാക്യങ്ങൾ ഓർമ്മിപ്പിക്കുന്നതു ജലപ്രളയത്തിൽ പെട്ടകത്തി ലൂടെ രക്ഷപെട്ട നോഹയുടെ സന്തതി സ്വയത്തിൽ ആശ്രയിച്ചു എന്നാണ്. എന്നാൽ ദൈവഭരണത്തെ മറുത്തു ദൈവത്തെ കൂടാതെയുള്ള ഏതു പ്രവർത്തനവും ദൈവം തകർത്തുകളയും എന്ന് ഈ ഭാഗം വ്യക്തമാക്കുന്നു. ആ കാലത്തെ പോലെതന്നെ ഈ കാലത്തും ദൈവഭരണത്തെ മറന്നു സ്വന്തബലത്തിൽ ഊന്നി ജാതി കളെപോലെ സമുദായക്കാരെ പോലെ രക്ഷ പെടുവാൻ നാം ശ്രമിക്കുന്നില്ലേ?

നമ്മുടെ സംരക്ഷകനും പരിപാലകനും ഭരണകർത്താവും ദൈവമാണ്. നമ്മുടെ പൂർവ്വ പിതാക്കന്മാർ അനേകരും കഷ്ടത എന്ന കഠിന ശോധനയിൽ കൂടി കടന്നുപോയി. "*ക്രിസ്തുവിൽ വിശ്വസിപ്പാൻ മാത്രമല്ല, അവനുവേണ്ടി കഷ്ടം അനുഭവിപ്പാനും കൂടെ നിങ്ങൾക്കുവരം നൽകിയിരിക്കുന്നു*" (ഫിലി. 1:29) എന്നു പൗലൊസ് പ്രബോധിപ്പിച്ചിട്ടുണ്ട്. കഷ്ടത ഒരു നൽവരമാണ്. എന്നാൽ എല്ലാവർക്കും അതുകിട്ടി എന്നുവരികില്ല. പൗലൊസിനെ കർത്താവു തന്റെ വേലയ്ക്കായി വിളിച്ചു വേർതിരിച്ചു. റോമാ പൗരനും വിദ്യാസമ്പന്നനുമായ പൗലൊസിനെക്കുറിച്ച് കർത്താവ് അനന്യാസിനോടു പറഞ്ഞ വാക്ക് എത്ര ശ്രദ്ധേയമാണ്. "*നീ പോക; അവൻ എന്റെ നാമം ജാതികൾക്കും രാജാക്കന്മാർക്കും യിസ്രായേൽമക്കൾക്കും മുമ്പിൽ വഹിപ്പാൻ ഞാൻ തിരഞ്ഞെടുത്തിരിക്കുന്നൊരു പാത്രം ആകുന്നു. എന്റെ നാമത്തിനുവേണ്ടി അവൻ എന്തെല്ലാം കഷ്ടം അനുഭവിക്കേണ്ടതാകുന്നു എന്നു ഞാൻ അവനെ കാണിക്കും*" (അപ്പൊ. 9:15–16). കർത്താവിന്റെ നാമത്തിനു വേണ്ടി പൗലൊസ് സഹിച്ച കഷ്ടത എന്തെല്ലാം എന്നു 2 കൊരി. 11:23–28–വരെ പറഞ്ഞിരിക്കുന്നു. ഈ കഷ്ടതകൾ മുഴുവൻ സഹിച്ച പൗലോസ് പറഞ്ഞതു ഇപ്രകാരമാണ്: "*ക്രിസ്തുവിന്റെ സ്നേഹത്തിൽനിന്നു നമ്മെ വേർപിരിക്കുന്നതാർ? കഷ്ടതയോ സങ്കടമോ ഉപദ്രവമോ പട്ടിണിയോ നഗ്നതയോ ആപത്തോ വാളോ?*" (റോമർ 8:35). കർത്താവിനായി ധീരധീരം പോരാടിയ

സുവിശേഷകൻ ഇടയന്റെ അഥവാ മൂപ്പന്റെ ശുശ്രൂഷകൂടെ ചെയ്യുവാൻ കർത്താവ് ആഗ്രഹിച്ചിരുന്നു എങ്കിൽ ലോകത്തിന്റെ ഭരണഭാഷയിൽ പറഞ്ഞാൽ സഭയിൽ മൂപ്പൻ അഥവാ ഇടയൻ എന്ന ഒരു തസ്തിക സൃഷ്ടിക്കേണ്ട കാര്യം ഇല്ല എന്നുള്ളത് യുക്തിസഹമാണല്ലോ. സുവിശേഷകന്മാരായ സഹോദരന്മാർ ഈ വിഷയം അല്പം ആഴമായി ചിന്തിക്കും എന്ന പ്രത്യാശിക്കട്ടെയോ? **(തുടരും)**

# തിരുവെഴുത്തിലെ കുടുംബങ്ങൾ -11

വർഗ്ഗീസ് കെ. കുര്യൻ, പാമ്പാടി

## നോഹയുടെ കുടുംബം: കുടുംബവും ദൈവകൃപയും

കൃപ എന്ന വാക്കു ദൈവവചനത്തിൽ ആദ്യം കാണുന്നത് നോഹയോടുള്ള ബന്ധത്തിലാണെന്നു നേരത്തെ കണ്ടു കഴിഞ്ഞല്ലോ. ഓരോ വ്യക്തിയിലും കുടുംബത്തിലും സഭയിലും ദൈവകൃപയുടെ പ്രവർത്തനത്തോടുള്ള പ്രതികരണത്തിന്റെ അടിസ്ഥാനത്തിലാണ് ജയ പരാജയങ്ങളെ നിർണ്ണയിക്കാവുന്നത്. ഇതിന്റെ ഉത്തമ ഉദാഹരണങ്ങളാണ് നോഹയുടെ മൂന്നു മക്കളും അവരുടെ തലമുറകളും.

ഉല്പത്തി 6:1 മുതൽ 8:14 വരെ നോഹയും കുടുംബവും പെട്ടകത്തിലും 8:15 മുതൽ 9:27 വരെ പെട്ടകത്തിൽ നിന്നു പുറത്തു വന്നതുമായി രേഖപ്പെടുത്തിയിരിക്കുന്നു. നോഹയുടെ പുത്രന്മാരായ ശേം, ഹാം, യാഫെത്ത് എന്നിവരുടെ തലമുറകളെ 10-ാം അദ്ധ്യായത്തിൽ കാണുന്നു. ദൈവകൃപയോടുള്ള മൂന്നുവിധ പ്രതികരണങ്ങൾ അവരിലൂടെ കാണുവാൻ കഴിയുന്നു. ദൈവകൃപ അനുഭവിക്കുന്ന ഒന്നാം തലമുറ ആത്മിക പോരാട്ടത്തിൽ വിജയികളായി തീരുമ്പോൾ രണ്ടാം തലമുറക്കാർ പിതാക്കന്മാരുടെ വിശ്വാസത്തെക്കുറിച്ചും ത്യാഗത്തെക്കുറിച്ചും നേട്ടങ്ങളെക്കുറിച്ചും ഊറ്റം കൊണ്ടു കൃപ വ്യർത്ഥമാക്കുമ്പോൾ മൂന്നാം തലമുറക്കാരിൽപ്പെട്ട പലരും കൃപ നിരാകരിച്ച് ശാപഗ്രസ്ഥരായി തീരുന്നതു എവിടെയും കാണുന്ന യാഥാർത്ഥ്യമാണ്. എല്ലാ കുടുംബങ്ങളുടെയും സ്ഥിതി ഇപ്രകാരമാണെന്നല്ല ഇതിനർത്ഥം. ഒന്നാം തലമുറ അനുഭവിച്ച ദൈവകൃപയിൽ നിന്നു വഴുതിമാറാതെ ഭക്തിയോടെ ജീവിച്ചു വരുന്ന അനേക പിൻ തലമുറകളും ഉണ്ടെന്നുള്ള യാഥാർത്ഥ്യം മറക്കുന്നില്ല.

ശേമിന്റെ തലമുറകളിലൂടെ ദൈവകൃപ അനുഭവിച്ചതിന്റെയും യാഫെത്തിന്റെ കുടുംബത്തിലൂടെ കൃപ വ്യർത്ഥമാക്കിയതിന്റെയും ഹാമിന്റെ തലമുറകളിലൂടെ കൃപനിരാകരിച്ചതിന്റെയും രേഖാചിത്രങ്ങളാണ് നമുക്കു ലഭിക്കുന്നത്.

നമ്മുടെ ശ്രദ്ധയെ ആകർഷിക്കേണ്ട ഒരു പ്രധാന വസ്തുത മേൽപറയപ്പെട്ട മൂന്നു മക്കളിൽ ആദ്യജാതൻ അഥവാ ആദ്യത്തെ മകൻ ആരായിരുന്നു എന്നുള്ളതാണ്. ഉല്പത്തി 10:21-ൽ യാഫെത്തിന്റെ ജ്യേഷ്ഠനായിട്ടാണ് ശേമിനെ കാണുന്നത്. എന്നാൽ മറ്റിതരപരിഭാഷകളിലും ഭൂരിഭാഗം ഇംഗ്ലീഷ് പരിഭാഷകളിലും യാഫെത്താണ് നോഹയുടെ ആദ്യത്തെ മകൻ എന്നു തെളിവായി കാണുന്നു. ആത്മിക വിഷയങ്ങളിലും പ്രത്യേകിച്ചു മശിഹായുടെ ജനനം ശേമിന്റെ വംശത്തിലാകയാലും ആയിരിക്കും 10:1-ൽ ശേം ഹാം, യാഫെത്ത് എന്നു രേഖപ്പെടുത്തിയിരിക്കുന്നത്. നാം സാധാരണ ഉപയോഗിക്കുന്നതും ഈ ക്രമത്തിലാണ്.

---

ധീരയോദ്ധാവാണ് പൗലൊസ്. തനിക്കു മനുഷ്യനിൽ ആശ്രയിക്കാമായിരുന്നു. ഒരു സംഘടന ഉണ്ടാക്കി അതിന്റെ പോപ്പാകാമായിരുന്നു. പീഡനത്തിൽ നിന്നും രക്ഷപെടാമായിരുന്നു. എന്നാൽ പൗലൊസ് എല്ലാം ക്രിസ്തുവിനായി സഹിച്ചു. ഒടുവിൽ കർത്താവിന്റെ ഇഷ്ടപ്രകാരം കൊല്ലപ്പെട്ടു. അങ്ങനെ കർത്താവിനു സൗരഭ്യവാസനയായിത്തീർന്നു.

പ്രിയ സഹോദരിമാരേ, ദൈവജനത്തിനു പലയിടത്തും പിഡനം ഏറിക്കൊണ്ടിരി ക്കുകയാണ്. ചിലപ്പോൾ നമുക്കും ഉപദ്രവം ഉണ്ടായി എന്നുവരാം. അതിൽ നാം ഭയപ്പെടേ ണ്ടതില്ല. നാം പീഡനത്തിൽ കൂടെയും കഷ്ടതയിൽകൂടെയും മുമ്പോട്ടുപോകേണ്ടതു ദൈവേഷ്ടം എങ്കിൽ അതിനു നമ്മെത്തന്നെ നമുക്ക് ദൈവകരങ്ങളിൽ സമർപ്പിക്കാം. "*ലോകത്തിൽ നിങ്ങൾക്കു കഷ്ടം ഉണ്ടു; എങ്കിലും ധൈര്യപ്പെടുവിൻ; ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു*" (യോഹ. 16:33) എന്ന കർത്താവിന്റെ വാക്കുകൾ ദൈവമക്കൾക്ക് എന്നും ആശ്വാസമാണ്; ധൈര്യമാണ്. ഇവിടെ കഷ്ടവും ഉപദ്രവവും പീഡനവും മറ്റും ഉണ്ടായി എന്നുവരാം. എന്നാൽ ദൈവമക്കൾ ഭയപ്പെടേണ്ടതില്ല. നമ്മുടെ കർത്താവ് പ്രതിസന്ധികളിലും നമ്മെ കരുതുന്നവനാണ്. അവിടുന്ന് ജയവീരനാണ്. അവൻ നമ്മെ ജയത്തോടെ നടത്താൻ ശക്തനാണ്. കർത്താവിന്റെ വരവ് ആസന്നമായിരിക്കുന്ന ഈ കാലയളവിൽ നമ്മുടെ ദൈവത്തെ ത്യജിച്ചുള്ള യാതൊരു പ്രവർത്തനവും നമ്മുടെ സഭകളിൽ ഉണ്ടാകാതിരിപ്പാൻ സഹോദരിമാരാകുന്ന നമുക്ക് ഉണർന്നു പ്രാർത്ഥിക്കാം. ദൈവം അതിനായി നമ്മെ സഹായിക്കുമാറാകട്ടെ.

നോഹയുടെ മക്കളിൽ കൃപ നിരാകരിച്ചവരാണ് ഹാമും തലമുറകളും. അതിന്റെ കാരണം ഉല്പത്തി 9:18-27-ൽ കാണുന്നുണ്ട്. പെട്ടകത്തിൽ നിന്നു പുറത്തേക്കു വന്ന നോഹ യാഗം കഴിച്ച് ദൈവത്തെ ആരാധിക്കയും നന്ദി പറയുകയും ചെയ്തു. പക്ഷേ അദ്ദേഹത്തിന്റെ ചരിത്രം അവസാനിപ്പിക്കുന്നത് പരാജയ സ്വരത്തോടെയാണ്. നോഹ കൃഷി ചെയ്തു മുന്തരിത്തോട്ടം നട്ടുണ്ടാക്കി. അതിൽ യാതൊരു ആക്ഷേപവും പറയുവാൻ കഴികയില്ല. ഉപജീവനമാർഗ്ഗത്തിനു ഇതെല്ലാം ആവശ്യമായിരുന്നു. മുന്തരിചാറായ വീഞ്ഞു കുടിക്കുന്നതും തെറ്റല്ല. എന്നാൽ വീഞ്ഞു പുളിപ്പിച്ച് മദ്യമാക്കുന്നതും ഉപയോഗിക്കുന്നതും തികച്ചും തെറ്റാണ്. ദൈവവചനം മദ്യപാനത്തെ ശക്തമായി അപലപിക്കുന്നുണ്ട്. വിശ്വാസികളിലും ശുശ്രൂഷകരിലും ചുരുക്കം ചിലർക്കു മദ്യത്തോടു ആസക്തി ഉണ്ടാകുന്നു എന്നത് അത്യന്തം ഗൗരവമായി കാണേണ്ടതും ശിക്ഷണത്തിനു വിധേയമാക്കേണ്ടതുമായ പാപമാണ്.

നോഹ ലഹരി പിടിച്ചു തന്റെ കൂടാരത്തിൽ വസ്ത്രം നീങ്ങി കിടന്നു. നീതിപ്രസംഗിയായ നോഹയാണ് ഈ കിടക്കുന്നത് എന്ന് ഓർക്കണം. മാത്രമല്ല അതിഭീകരമായ ന്യായവിധിയുടെ ജലപ്രളയത്തിൽ നിന്നു രക്ഷപ്പെട്ട വ്യക്തിയുമാണ്. നൈമിഷികസുഖത്തിനു വേണ്ടി വഴിവിട്ട ജീവിതം തലമുറകൾക്കു തന്നെ ഭാരമായി തീർന്നതു നമുക്കു ബുദ്ധിയുപദേശം നൽകുന്ന പാഠമാണ്.

നോഹയുടെ ഈ കിടപ്പു കണ്ടതു ഹാമാണ്. അവൻ വെളിയിൽ ചെന്നു തന്റെ രണ്ടു സഹോദരന്മാരെയും വിവരം അറിയിച്ചു. ശേമും യാഫെത്തും ഒരു വസ്ത്രം എടുത്തു ഇരുവരുടെയും തോളിൽ ഇട്ടു വിമുഖരായി ചെന്നു പിതാവിന്റെ നഗ്നത മറച്ചു. നോഹ ലഹരി വിട്ട് ഉണർന്നപ്പോൾ തന്റെ ഇളയ മകൻ ഹാം ചെയ്തതു അറിഞ്ഞു. അപ്പോൾ അവൻ കനാൻ (ഹാമിന്റെ മകൻ) ശപിക്കപ്പെട്ടവൻ, അവൻ തന്റെ സഹോദരന്മാർക്കു അധമ ദാസനാകും എന്നു പറഞ്ഞു (ഉല്പത്തി 9:20-25). എന്നാൽ ശേമിനും യാഫെത്തിനും നോഹയുടെ അനുഗ്രഹം ലഭിക്കുകയും ചെയ്തു.

ഹാം തെറ്റു ചെയ്തതിനു ഹാമിന്റെ മകനായ കനാൻ എന്തുകൊണ്ടു ശപിക്കപ്പെട്ടു എന്നതു ന്യായമായ ഒരു സംശയമാണ്. കനാന്റെ തലമുറകളാണ് പിൽക്കാലത്തു പ്രബലരായി തീർന്നതും കനാൻ നാടു തന്നെ കൈവശത്തിലാക്കിയതും. അവന്റെ പേരിലാണ് ഒരു ദേശം തന്നെ അറിയപ്പെടാനിടയായതും. പിതാക്കന്മാരുടെ അകൃത്യം തലമുറകളോടു ചോദിക്കും എന്നുള്ളത് ഒരു പ്രമാണമായിരുന്ന കാലത്താണിതു സംഭവിച്ചത് എന്നോർക്കണം. ശേമിന്റെയും യാഫെത്തിന്റെയും പിൻതലമുറക്കാർക്കു അടിമപ്പണി ചെയ്ത കോടിക്കണക്കിനു ഹാമ്യവംശജർ ആഫ്രിക്കൻ ഭൂഖണ്ഡത്തിലാണ് പാർക്കേണ്ടി വന്നത്.

ഹാം ചെയ്ത തെറ്റു നമുക്കു നേരേ ശക്തമായി വിരൽ ചൂണ്ടുന്നുണ്ട്. നോഹയുടെ നഗ്നത കണ്ട ഹാമിനു ഒരു വസ്ത്രമെടുത്തു മറയ്ക്കാവുന്നതേ ഉണ്ടായിരുന്നുള്ളൂ. അതിനു പകരം അവൻ പുറത്തു പോയി രണ്ടു പേരെ അറിയിച്ചു. വിശ്വാസലോകത്തിൽ അർബ്ബുദവ്യാധി പോലെ പടർന്നു കൊണ്ടിരിക്കുന്ന മാരകമായ ഒരു പാപമാണ് പരദൂഷണം. താൽകാലിക രസത്തിനു വേണ്ടിയും സാമ്പത്തിക നേട്ടത്തിനു വേണ്ടിയും അസൂയ മൂലവും മറ്റുള്ളവരെക്കുറിച്ചു ഉള്ളതും ഇല്ലാത്തതുമായ തിരക്കഥകൾ സൃഷ്ടിച്ചു പ്രചരിപ്പിക്കുന്നത് എത്രയോ ഗുരുതരമായ പാപമാണ്. ദൈവം ശക്തിയായി ഉപയോഗിച്ച എത്ര മൂപ്പന്മാരും സുവിശേഷകന്മാരും സംഘടനാ പ്രവർത്തകരും ആണ് ഇത്തരത്തിലുള്ള വ്യക്തി ഹത്യമൂലം ക്ഷീണിക്കുവാനിടയായിട്ടുള്ളത്. ഇതു കണ്ടും കേട്ടും രസിക്കുന്ന വിശ്വാസികളും മേൽ പറഞ്ഞ പാപത്തിനു കൂട്ടാളികൾ ആകയാണ് എന്നു അവർ മനസ്സിലാക്കുന്നില്ല. ചിലർക്കു ദൈവവചനം വായിച്ചു ധ്യാനിക്കുവാനും പ്രാർത്ഥിക്കുവാനും സമയമില്ല. പക്ഷെ, പരദൂഷണം വായിക്കുന്നതിനും കേൾക്കുന്നതിനും ധാരാളം സമയമുണ്ട്. "*വ്യാജത്തെ നോക്കാതവണ്ണം എന്റെ കണ്ണുകളെ തിരിച്ചു നിന്റെ വഴികളിൽ എന്നെ ജീവിപ്പിക്കേണമേ*" (സങ്കീ. 119:37) എന്ന വാക്യവും, "*വ്യാജവും ഭോഷ്കും എന്നോടു അകറ്റേണമേ*" (സദൃ. 30:8) എന്ന വാക്യവും ഇത്തരക്കാർ വായിച്ചിട്ടില്ല എന്നു തോന്നുന്നു. മക്കൾ പിതാക്കന്മാർക്കു പകരവും അവരെക്കാൾ ആത്മികരുമായി തീരുവാൻ ആഗ്രഹിക്കുന്ന വിശ്വാസികൾ ഹാമ്യ പാപം വിട്ടു അനുതപിച്ചു മാനസാന്തരപ്പെട്ടു ദൈവകൃപയിലേക്കു മടങ്ങിവരുവാൻ ദൈവം സഹായിക്കട്ടെ. **(തുടരും)**

# യോനാ പ്രവചനം: ഒരു പഠനം –37

സാംസൻ ഹെൻറി, കൊല്ലം

## അദ്ധ്യായം – 3 (തുടർച്ച)

**യോനാ 3:4 — "യോനാ നഗരത്തിൽ കടന്നു ആദ്യം ഒരു ദിവസത്തെ വഴി ചെന്നു: ഇനി നാല്പതു ദിവസം കഴിഞ്ഞാൽ നീനെവേ ഉന്മൂലമാകും എന്നു ഘോഷിച്ചു പറഞ്ഞു."**

ദൈവത്തിൽ നിന്നു രണ്ടാം പ്രാവശ്യം കല്പന ലഭിച്ച യോനാ അനുസരണയോടെ നീനെവേയെ ലക്ഷ്യമാക്കി യാത്ര ചെയ്തു. അനേക ദിവസങ്ങൾ നടന്നു നീനെവേയിലെത്തി നഗരത്തിലേക്കു പ്രവേശിച്ചു. നഗരത്തിന്റെ ഒരതിർത്തി മുതൽ മറ്റേ അതിർത്തിവരെ ഏകദേശം മൂന്നു ദിവസത്തെ വഴിയാത്രയുണ്ടായിരുന്നു. നഗരത്തിൽ പ്രവേശിച്ച ശേഷം ദൈവത്തിന്റെ സന്ദേശം അറിയിക്കുന്നതിനു പിന്നീട് ഒട്ടും താമസിച്ചില്ല. ആദ്യദിവസം തന്നെ ദൈവം തന്നോടു അരുളിച്ചെയ്ത ന്യായവിധിയുടെ ദൂത് നഗരത്തിൽ ഉച്ചത്തിൽ ഘോഷിച്ചു.

യോനായ്ക്കു ദൈവത്തിൽ നിന്നു ലഭിച്ച ന്യായവിധിയുടെ സന്ദേശം അല്പവാക്കുകളടങ്ങിയ ചെറിയ സന്ദേശമായിരുന്നു — "ഇനി നാല്പതു ദിവസം കഴിഞ്ഞാൽ നീനെവേ ഉന്മൂലമാകും." നീനെവേ നിവാസികളോടു യെഹൂദന്മാരുടെ ഭാഷയായ എബ്രായ ഭാഷയിലാണോ അതോ അവർക്കറിയാവുന്ന അരാമ്യ ഭാഷയിലാണോ വിളിച്ചു പറഞ്ഞതെന്നു അറിയുകയില്ല. ഏതായാലും അവരുടെ നാശത്തെക്കുറിച്ചു അവരുടെ ശത്രുക്കളായ യെഹൂദന്മാരുടെ ഇടയിൽ നിന്നു ഒരു പ്രവാചകൻ വന്നു പ്രസ്താവിച്ചത് ഏറെ അത്ഭുതത്തോടും ഗൗരവത്തോടും അവർ ശ്രദ്ധിച്ചു. നീനെവേയുടെ ഓരോ മുക്കിലും മൂലയിലും ആളുകൾ കൂടുന്ന സ്ഥലത്തും തെരുവു മുതൽ രാജകൊട്ടാരം വരെയുള്ള ആൾക്കാർ കേൾക്കത്തക്കവിധം യോനാ ദൈവത്തിന്റെ അരുളപ്പാട് ഉറക്കെ വിളിച്ചു പറഞ്ഞു.

"ഇനി നാല്പതു ദിവസം കഴിഞ്ഞാൽ നീനെവേ ഉന്മൂലമാകും" എന്ന ന്യായവിധിയുടെ സന്ദേശം യോനാ പട്ടണത്തിൽ അറിയിച്ചു. അവരുടെ ചിന്തയ്ക്കും പ്രതികരണത്തിനും തീരുമാനത്തിനും ന്യായവിധിയുടെ ചെറിയ സന്ദേശം മതിയായിരുന്നു. ഇപ്രകാരമുള്ള ചെറിയ ന്യായവിധിയുടെ സന്ദേശങ്ങൾ ദൈവം പലപ്പോഴും നല്കിയിട്ടുണ്ട്.

1. ദാവീദ് പാപം ചെയ്തപ്പോൾ നാഥാൻ പ്രവാചകൻ ദാവീദിനോടു പറയുന്നത് — "ആ മനുഷ്യൻ നീ തന്നേ" (2. ശമൂ. 12:7).

2. ബേൽശസ്സർ രാജാവിന്റെ രാജധാനിയുടെ ചുവരിൽ എഴുതപ്പെട്ടത് — "മെനേ, മെനേ, തെക്കേൽ, ഊഫർസീൻ" (ദാനീ. 5:25).

3. ആദ്യസ്നേഹം നഷ്ടപ്പെട്ട എഫെസൊസ് സഭയോട് — "നീ ഏതിൽ നിന്നു വീണിരിക്കുന്നു എന്നു ഓർത്തു മാനസാന്തരപ്പെട്ടു ആദ്യത്തെ പ്രവൃത്തി ചെയ്ക" (വെളി. 2:5).

4. അശുദ്ധിയിൽ കഴിയുന്ന സഭയായ പെർഗ്ഗമൊസിനോടു — "ആകയാൽ മാനസാന്തരപ്പെടുക" (വെളി. 2:16)

"ഇനി നാല്പതു ദിവസം കഴിഞ്ഞാൽ നീനെവേ ഉന്മൂലമാകും" എന്ന സന്ദേശം അവർക്കു മനസ്സിലായി. ഉന്മൂലമാകും എന്നാൽ പൂർണ്ണമായി നശിക്കും എന്നർത്ഥം. തിരുവചനത്തിൽ നാല്പതു എന്ന സംഖ്യ പരിശോധന, പരീക്ഷണം, ന്യായവിധി എന്നിവയോടു ബന്ധപ്പെട്ടിരിക്കുന്നു.

1. നോഹയുടെ കാലത്ത് 40 രാവും 40 പകലും മഴ പെയ്തുകൊണ്ടിരുന്നു (ഉല്പത്തി 7:4,12,17; 8:6).

2. മോശെ 40 ദിവസം സീനായി മലമുകളിൽ ഇരുന്നു (പുറ. 24:18).

3. യോശുവ അയച്ച 12 പേർ 40 ദിവസം കൊണ്ടു ദേശം ഒറ്റു നോക്കി (സംഖ്യ. 13:25; 14:34).

4. യിസ്രായേൽ ജനം 40 വർഷം മരുഭൂമിയിൽ അലഞ്ഞു നടന്നു (ആവ. 2:7).

5. ഗോല്യാത്ത് 40 ദിവസം യിസ്രായേൽ സൈന്യത്തെ വെല്ലുവിളിച്ചുകൊണ്ടിരുന്നു (1 ശമൂ. 17:16).

6. മോശെ (പുറ. 34:28), ഏലീയാവ് (1 രാജാ.19:8), യേശു കർത്താവു (മത്തായി 4:1,2), എന്നിവർ 40 ദിവസം ഉപവസിച്ചു.

7. {l rk Xph rsâ ] p cp° m- ¯ n pw k zÀ¤ m cm W- ¯ n pw CSb nÂ 40 Zn k w (A s¸ m. 1:2). \ os\ th b ne pÅ P\ § Ä ssZh- ¯ n te¡ pXncn b p¶ Xn pwA h cpsSam\ k m´ c- ¯ n pamb n\ me ¸ Xp Zn k wssZh wk m- I m w\ e l n\ d th¡ mÀ¡ pe`n¨ 40 Zn k w c£ {] mþ n¡ m pÅ I r] b psS I me amb nl W- ¡ m¡ mw. \ me ¸ Xp Zn k w I gnª mÂ A hÀ¡ p- m pì A Xnì b ¡ camb \ mi w {] h mN I sâ {] k wK- ¯ nÂ D- mb ncp¶ p A Xv ssZh- ¯ nsâ \ ymb hn [ nb psS k t µ i amb ncp¶ p \ os\ th D· qe am pw F ¶ pssZh- ¯ nsâ {] h mN I \ mb tb m\ m Dds¡ tL mj n¨ Xv \ os\ th¡ mcpsS I rZb s¯ XI À¯ p. I mcWwtb m\ mssZh w\ e l mb {] k wKam W v A hnsS tL mj n¨ Xv t I « \ ymb hn [ nb psS k t µ i ¯ nÂ A hÀ`b s¸ «p

\ d th D· qe am pw F ¶ mÂ A Xv sk mZmw, sKmamcm] «W- ¯ n · Â h¶ p ] Xn¨ ssZh- ¯ nsâ \ ymb hn [ nb ne pÅ \ mi- ¯ n pXpe yamb ncn¡ pwF ¶ pk mcw(De ¸ ¯ n 19:24,25). '"*സൊദോമിന്റെയും ഗൊമോരയുടെയും നിലവിളി വലിയതും അവരുടെ പാപം അതികഠിനവും ആകുന്നു. ഞാൻ ചെന്നു എന്റെ അടുക്കൽ വന്നെത്തിയ നിലവിളിപോലെ അവർ കേവലം പ്രവൃത്തിച്ചിട്ടുണ്ടോ ഇല്ലയോ എന്നു നോക്കി അറിയും എന്നു അരുളിച്ചെയ്തു"* (ഉല്പത്തി 18:20,21) എന്നു ദൈവം അബ്രഹാമിനോടു പറയുന്നു. ദൈവം ദേശവാസികൾക്കു പാപത്തിൽ നിന്നു പിന്തിരിയുവാൻ അവസരം കൊടുത്തു. യഹോവയുടെ സന്നിധിയിൽ സൊദോമിന്റെ പാപത്തിന്റെ കൂമ്പാരം എത്തിയപ്പോൾ അതിന്റെ നാശത്തിനായി ദൂതന്മാരെ ദൈവം അയെച്ചു: "*ഇവരെക്കുറിച്ചുള്ള ആവലാതി യഹോവയുടെ മുമ്പാകെ വലുതായിത്തീർന്നതുകൊണ്ടു ഞങ്ങൾ ഈ സ്ഥലത്തെ നശിപ്പിക്കും. അതിനെ നശിപ്പിപ്പാൻ യഹോവ ഞങ്ങളെ അയച്ചിരിക്കുന്നു എന്നു പറഞ്ഞു*" (ഉല്പത്തി 19:13). അപ്പോഴും സൊദോം നിവാസികൾക്കു അനുതപിക്കുവാനും ദൈവത്തിൽ ശരണപ്പെടുവാനും അവസരമുണ്ടായിരുന്നു. എന്നാൽ സൊദോം നിവാസികൾ ദൂതന്മാരോടു വഷളത്വം പ്രവർത്തിക്കുവാനാണ് ഒരുമ്പെട്ടത്. ദൈവത്തെ ഭയപ്പെടാതെ അകൃത്യത്തിൽ മുന്നോട്ടുപോയ സൊദോം, ഗൊമോരാ എന്നീ പട്ടണങ്ങളെ അഗ്നിക്കിരയാക്കിയപ്പോഴും ലോത്തിനെയും കുടുംബത്തെയും രക്ഷിക്കുവാൻ ദൈവം പ്രസാദിച്ചു.

നീനെവേ പട്ടണത്തിന്റെ പാപം ദൈവസന്നിധിയിൽ എത്തിയപ്പോൾ യോനാ പ്രവാചകനെ രക്ഷാദൂതുമായി ദൈവം അവിടേക്കു അയെക്കുന്നു. "*നീ പുറപ്പെട്ടു മഹാനഗരമായ നീനെവേയിലേക്കു ചെന്നു അതിന്നു വിരോധമായി പ്രസംഗിക്ക; അവരുടെ ദുഷ്ടത എന്റെ സന്നിധിയിൽ എത്തിയിരിക്കുന്നു*" (യോനാ 1:2). നീനവേ പട്ടണത്തിന്റെ പാപം സ്വർഗ്ഗത്തോളം കുമിഞ്ഞുകൂടിയപ്പോൾ പട്ടണത്തെയും പട്ടണ നിവാസികളെയും ഒന്നടങ്കം നശിപ്പിക്കുന്നതിനു മുമ്പായി അവർക്കു മാനസാന്തരത്തിനു ഒരവസരം കൂടി നൽകുകയായിരുന്നു. ദേശവും ദേശവാസികൾ ഒന്നടങ്കം ദുർമ്മാർഗ്ഗം വിട്ടു തിരിഞ്ഞു എന്നു കണ്ടപ്പോൾ ദൈവം ന്യായവിധിയുടെ കരം പിൻവലിച്ചു.

പാപങ്ങൾ ആകാശത്തോളം കുന്നിക്കുമ്പോൾ അഥവാ വലുതായിത്തീരുമ്പോൾ ദൈവം ശിക്ഷാവിധി അയക്കും. പാപത്തെക്കുറിച്ചു അനുതപിക്കാതെ പാപം ചെയ്യുന്നവർക്കു ദൈവം മാനസാന്തരത്തിനു അവസരം കൊടുക്കുന്നതിനാലാണ് ഉടനെ ന്യായവിധി ഉണ്ടാകാത്തത്. മഹതിയാം ബാബിലോൺ എന്ന മഹാനഗരത്തിന്റെ പാപം ദൈവസന്നിധിയിൽ മഹാപീഡനകാലാവസാനത്തിങ്കൽ ചെന്നെത്തുന്നു (വെളി. 18:5). ദുർമ്മാർഗ്ഗങ്ങളിൽ നിന്നു വിട്ടു തിരിയുന്നതിനു ബാബിലോണിനു അനേക അവസരങ്ങൾ നൽകിയിട്ടും പിന്തിരിയാത്തതിനാൽ ദൈവം ബാബിലോണിനെ ഓർക്കുകയും ന്യായവിധി അയക്കുകയും ചെയ്യുന്നു.

യോനായെ നീനെവേയിലേക്കയച്ചതു പോലെ ഇന്നും ദൈവം തന്റെ ദാസന്മാരെ ലോകത്തിലേക്കു അയച്ചിരിക്കുകയാണ്. രക്ഷിക്കപ്പെട്ട ഓരോ വിശ്വാസിയുടെയും കടമയാണ് ദൈവത്തിന്റെ ന്യായവിധിയെ ഓർമ്മിപ്പിക്കുന്ന ദൈവിക സന്ദേശം അറിയിക്കുക എന്നത്. ക്രൂരന്മാരും ദൈവമക്കളുടെ ശത്രുക്കളുമായ നീനെവേക്കാരുടെ അടുക്കലേക്കു ദൈവിക സന്ദേശവുമായി യോനയെ ദൈവം അയച്ചപ്പോൾ അവിടെ പ്രസംഗിക്കേണ്ട വിഷയവും കൊടുത്തിരുന്നു. പാപികളും, ദുഷ്ടന്മാരും ദൈവനിഷേധികളും മരിക്കണമെന്നു ദൈവം ആഗ്രഹിക്കുന്നില്ല. അവർ ദൈവത്തിൽ വിശ്വസിച്ചു രക്ഷ പ്രാപിക്കണമെന്നു ദൈവം ആഗ്രഹിക്കുന്നു. ദൈവം ന്യായവിധി അയക്കാതെ കരുണ കാണിക്കുന്നത് അനേകർ ദൈവകൃപയിലേക്കു വരണമെന്നതിനാലാണ്. "*ചിലർ താമസം എന്നു വിചാരിക്കുന്നതുപോലെ കർത്താവു തന്റെ വാഗ്ദത്തം നിവർത്തിപ്പാൻ താമസിക്കുന്നില്ല. ആരും നശിച്ചുപോകാതെ എല്ലാവരും മാനസാന്തരപ്പെടുവാൻ അവൻ ഇച്ഛിച്ചു നിങ്ങളോടു ദീർഘക്ഷമ കാണിക്കുന്നതേയുള്ളു*" (2 പത്രൊസ് 3:9). നമ്മുടെ ഉത്തരവാദിത്തം സുവിശേഷം സകലരോടും അറിയിക്കുക എന്നതാണ്. യോനായോടൊപ്പം ഉണ്ടായിരുന്ന ദൈവം നിശ്ചയമായും നമ്മോടൊപ്പവും ഉണ്ടായിരിക്കും.

ദൈവം വിളിച്ച നിമിഷം മുതൽ ഏറെ ശുഷ്ക്കാന്തിയോടെ പ്രവർത്തിച്ച ശ്രേഷ്ഠ അപ്പൊസ്തലനായ പൗലൊസിന്റെ അന്ത്യവാക്കുകൾ ഇപ്രകാരമാണ്: "*ഞാൻ ദൈവത്തെയും, ജീവികൾക്കും മരിച്ചവർക്കും ന്യായവിസ്താരം നടത്തുവാനുള്ള ക്രിസ്തുയേശുവിനെയും സാക്ഷിവെച്ചു അവന്റെ പ്രത്യക്ഷതയും രാജ്യവും ചൊല്ലി സത്യം ചെയ്തു കല്പിക്കുന്നതു: വചനം പ്രസംഗിക്ക; സമയത്തിലും അസമയത്തിലും ഒരുങ്ങി നില്ക്ക; സകല ദീർഘക്ഷമയോടും ഉപദേശത്തോടുംകൂടെ ശാസിക്ക; തർജ്ജനം ചെയ്ക; പ്രബോധിപ്പിക്ക*" (2 തിമൊ. 4:1,2). പൗലൊസിന്റെ പാദങ്ങൾക്കു വിശ്രമം ഇല്ലായിരുന്നു. ഗ്രാമങ്ങളിലും പട്ടണങ്ങളിലും സിനഗോഗുകളിലും കൊട്ടാരങ്ങളിലും പുഴയോരത്തും കർത്താവിനുവേണ്ടി ഓടി നടന്നു സുവിശേഷം ഘോഷിച്ചു. റോമിൽ പോകുവാൻപലപ്പോഴും ആഗ്രഹിച്ചു. ഒരു ദിവസം റോമാ നഗരത്തിലും ചെന്നെത്തി. അനേകരുടെ ബന്ധനങ്ങളെ അഴിപ്പാനുള്ള തന്റെ കരങ്ങൾ അവിടെ ബന്ധിക്കപ്പെട്ടു. എന്നാൽ സുവിശേഷത്തെ അറിയിപ്പാനുള്ള തന്റെ നിശ്ചയത്തെ ബന്ധിക്കുവാൻ ആർക്കും കഴിഞ്ഞില്ല.

മനുഷ്യരെ രക്ഷിക്കുന്നതിനുള്ള പ്രധാന മാദ്ധ്യമമാണ് പ്രസംഗം. പിശാചിന്റെ പ്രവൃത്തികളെ അഴിപ്പാനാണ് ദൈവപുത്രൻ പ്രത്യക്ഷനായത്. പിശാചിന്റെ പ്രവൃത്തി എന്താണ്? ഉല്പത്തി മൂന്നാം അദ്ധ്യായത്തിൽ പാമ്പിന്റെ പ്രസംഗം കാണുന്നു. ''*പാമ്പു സ്ത്രീയോടു*'' എന്ന വാക്കോടെ പ്രസംഗം ആരംഭിക്കുന്നു. ഹവ്വായുടെ മാനസാനന്തരത്തിനു പിശാചു ഒരു പ്രസംഗം നടത്തി. കേൾപ്പാൻ ഒരാൾ മാത്രം. പ്രസംഗം ആവശ്യമാണെന്നു പാമ്പു നമ്മെ കാണിച്ചു തരുന്നു. പാമ്പിന്റെ പ്രസംഗവിഷയം വൃക്ഷഫലം എന്നതായിരുന്നു. "*പാമ്പു സ്ത്രീയോടു: നിങ്ങൾ മരിക്കയില്ല നിശ്ചയം; അതു തിന്നുന്ന നാളിൽ നിങ്ങളുടെ കണ്ണു തുറക്കയും നിങ്ങൾ നന്മതിന്മകളെ അറിയുന്നവരായി ദൈവത്തെപ്പോലെ ആകയും ചെയ്യും എന്നു ദൈവം അറിയുന്നു എന്നു പറഞ്ഞു*" (ഉല്പത്തി 3:4,5). പ്രസംഗം കേട്ടപ്പോൾ ഹവ്വാ വൃക്ഷഫലത്തെ നോക്കി. അതിന്റെ ഭംഗി ഹവ്വായെ ആകർഷിച്ചു. "*ആ വൃക്ഷഫലം തിന്മാൻ നല്ലതും, കാണ്മാൻ ഭംഗിയുള്ളതും, ജ്ഞാനം പ്രാപിപ്പാൻ കാമ്യവും എന്നു സ്ത്രീ കണ്ടു ഫലം പറിച്ചു തിന്നു ഭർത്താവിനും കൊടുത്തു; അവനും തിന്നു*" (ഉല്പത്തി 3:6). ഇരുവരും മരണത്തിനധീനരായി. അതിനാൽ സർവ്വലോകവും ദുഷ്ടന്റെ അധീനതയിലായി. ലോകത്തെ മുഴുവൻ ശിക്ഷാവിധിയിലാക്കുവാൻ ഒറ്റ പ്രസംഗം കൊണ്ടു പിശാചിനു കഴിഞ്ഞു. പിശാചിന്റെ പ്രവൃത്തികളെ അഴിക്കണമെങ്കിൽ മറ്റൊരു പ്രസംഗം ആവശ്യമാണ്. സർവ്വലോകത്തിനും ഇന്നു വേണ്ടത് സുവിശേഷം എന്ന സദ്വർത്തമാനത്തിന്റെ പ്രസംഗമാണ്. ഈ രക്ഷണ്യപ്രസംഗമാണ് നമ്മെ ദൈവം ഏല്പിച്ചിരിക്കുന്നത്. **(തുടരും)**

**വരിസംഖ്യ ക്രമമായ് നൽകി**
**ഈ ശുശ്രൂഷയിൽ സഹകരിക്കുക**

# ദൈവം യോജിപ്പിച്ചത്–25

## അദ്ധ്യായം 7

## സഭാസാക്ഷ്യത്തിന്നു അനുയോജ്യമായി വിവാഹത്തിന്റെ പരമോന്നത മാതൃകയുടെ ഉപയോഗം (എഫെസ്യർ 5)

**ജെയിംസ് വി. പാറ്റേഴ്സൺ**
**വിവർത്തനം: ബൈജു വി. ബാലൻ, ഗാസിയാബാദ്**

### അവതാരിക

പുതിയനിയമത്തിൽ വിവാഹത്തെ സംബന്ധിച്ച ദൈവിക വെളിപ്പാടിന്റെ മൂർദ്ധന്യത എഫെസ്യർ 5-ൽ ആണു കാണപ്പെടുന്നത്. ഉൽപത്തി 2:24-ലെ ഇതിനോടു ബന്ധപ്പെട്ടതും അടിസ്ഥാനപരവുമായ സത്യത്തിൽ നിന്നും അഗാധമായ ഉൾക്കാഴ്ചയോടു കൂടി പൗലൊസ് ഉപദേശം അനാവരണം ചെയ്യുന്നു. "*അതുകൊണ്ടു പുരുഷൻ അപ്പനെയും അമ്മയെയും വിട്ടുപിരിഞ്ഞു ഭാര്യയോടു പറ്റിച്ചേരും; അവർ ഏക ദേഹമായി തീരും.*" വിവാഹബന്ധത്തിന്റെ എല്ലാ വശങ്ങളെയും നമുക്കു വീക്ഷിക്കുവാൻ കഴിയുന്ന പർവ്വത ശിഖരമാണു എഫെസ്യർ 5. ഇവിടെ സമർത്ഥിച്ചിരിക്കുന്ന ഉപദേശത്തിന്റെ പ്രാധാന്യം ഗ്രഹിച്ച ഒരുവനും സത്യസന്ധമായി വിവാഹമോചനത്തെ ന്യായീകരിക്കുവാനോ ആദ്യഭാര്യ ജീവിച്ചിരിക്കെ മറ്റൊരുവളെ ഭാര്യയായി സ്വീകരിക്കുന്നതിനെക്കുറിച്ച് ചിന്തിക്കുവാനോ കഴിയുകയില്ല. ഇത്തരം ഉപദേശത്തിന്റെ വെളിച്ചത്തിൽ അത് അചിന്തനീയമാണ്.

വിവാഹമോചനത്തെപ്പോലെ തന്നെ മരണവും ദൃഷ്ടാന്തത്തെ വികലമാക്കുന്നു എന്നു വാദിച്ചുകൊണ്ടു ഇവിടെ ഈ ദൃഷ്ടാന്തത്തിന്നു പരിധിയിൽ കവിഞ്ഞ മാനം നൽകിയിരിക്കുകയാണെന്ന് ചിലർ പഠിപ്പിക്കുന്നു. മരണത്തോടെ എല്ലാ വിവാഹബന്ധവും ഇല്ലാതാകുമ്പോൾ ക്രിസ്തുവിന്നും സഭയ്ക്കും തമ്മിലുള്ള ബന്ധം ഇരുവർക്കും മരിക്കുവാൻ കഴിയാത്തതിനാൽ ഒരുനാളും ഇല്ലാതാകുകയില്ല. എല്ലായ്പ്പോഴും അല്ലെങ്കിലും മിക്കവാറും വൈവാഹിക തകർച്ചയിൽ പുനർവിവാഹം സുഗമമം ആക്കേണ്ടതിന്നായിട്ടാണ് വിവാഹമോചനം തേടുന്നത്. എഫെസ്യർ 5-ന്റെ വെളിച്ചത്തിൽ ഇത് ക്രിസ്തുവിന്നും സഭയ്ക്കും തമ്മിലുള്ളതായി കാണിച്ചിരിക്കുന്ന വിവാഹത്തിന്റെ വൈഭവത്തെ തരംതാഴ്ത്തുന്ന നടപടിയാണ്. ജീവിതാന്ത്യം വരെയുള്ള വൈവാഹിക സ്ഥിരതയെ തള്ളിക്കളയുന്നവർ തങ്ങളുടെ ജീവിതം കൊണ്ടും പ്രവൃത്തി കൊണ്ടും ക്രിസ്തുവും സഭയുമാണ് ലോക സ്ഥാപനത്തിന്നും മുമ്പെ ദൈവത്തിന്റെ ഹൃദയത്തിലും മനസ്സിലുമുണ്ടായിരുന്ന വിവാഹത്തിന്റെ ഏറ്റവും മാതൃകാപരമായ ആവിഷ്ക്കാരം എന്നതിനെ നിരാകരിക്കുകയാണു ചെയ്യുന്നത്. ഈ സത്യത്തിന്റെ അംഗീകാരവും വിവാഹിതരായവരിൽ നിന്നും ഇത് ആവശ്യപ്പെടുന്ന പ്രാവർത്തികമായ സംഗതികളും വിവാഹമോചനത്തിന്നും പുനർ വിവാഹമെന്ന പാപത്തിന്നും ഒരുകാലത്തും ഇടയാക്കുകയില്ല.

വൺ ആൾമൻ വീക്ഷിക്കുന്നത് ഇപ്രകാരമാണ്: "ബൈബിൾ വിവക്ഷിക്കുന്ന രീതിയിലുള്ള മാനസ്സാന്തരത്തിന്റെ അർത്ഥത്തിൽ ഒരുവന്നു തന്റെ വിവാഹത്തെക്കുറിച്ച് മാനസ്സാന്തരപ്പെടുവാൻ കഴിയുകയില്ല. താൻ സ്വയം ചെയ്ത ഒരു കൃത്യത്തിന്നു ഒരുവന്നു ദൈവക്ഷമ ചോദിക്കുവാനും കഴിയുകയില്ല. ആകയാൽ വിവാഹത്തെ പരസംഗത്തിന്റെയും വ്യഭിചാരത്തിന്റെയും തലത്തിൽ കാണുവാൻ കഴിയുകയില്ല. പകരം ദൈവത്തിന്റെ അടിസ്ഥാനപരമായ ഇഷ്ടം പുനഃസ്ഥാപിക്കപ്പെട്ടതും തന്റെ ആത്യന്തികമായ ഇഷ്ടം അതിന്റെ പ്രാവർത്തികമായ നിവർത്തീകരണം കണ്ടെത്തുന്നതുമായ

സഭയുടെ വിശുദ്ധീകരിക്കപ്പെട്ട തലത്തിലാണിത് കാണേണ്ടത്.”

അദ്ദേഹം തുടരുന്നത് ശ്രദ്ധിക്കുക: “ഏക കർത്താവായ യേശുക്രിസ്തുവും തന്റെ മണവാട്ടിയായ ഏക സഭയും തമ്മിലുള്ള സംയോജനമാണു ക്രിസ്തീയ ഏക ഭാര്യത്വത്തിന്നുള്ള ദൈവശാസ്ത്രപരമായ അടിസ്ഥാനമെന്നു നാം കാണുകയുണ്ടായി. വിവാഹബന്ധത്തിന്റെ അവിഭാജ്യതയ്ക്കുള്ള ഗഹനമായ കാരണവും ഈ സംയോജനമാണു. യേശുക്രിസ്തു പുതിയൊരു കുരിശിൽ പുതിയ ഒരു സഭയ്ക്കുവേണ്ടി തന്നെത്താൽ നൽകേണ്ടതിന്നു വീണ്ടും ഒരിക്കൽക്കൂടി താഴ്മയുള്ളവനായി ഒരു കാരണവശാലും വരികയില്ല എന്നതിനാൽ ക്രിസ്തീയ ദമ്പതികൾക്ക് പരസ്പരം വേർപെട്ടു സ്വതന്ത്രരാകുവാൻ കഴിയുകയില്ല. പകരം ഒരു രീതിയിലും വിട്ടുപോകുവാൻ കഴിയാതവണ്ണം യോജിപ്പിക്കപ്പെട്ടവരായി ഇരുന്നേ മതിയാകൂ (അങ്ങനെ ആയിരിക്കുകയും ചെയ്യുന്നു). ക്രിസ്തീയ ദമ്പതികളെ വേർപെടുത്തുവാൻ കഴിയുമെങ്കിൽ എഫെസ്യർ 5-ൽ അപ്പൊസ്തലൻ എഴുതുന്ന കാര്യങ്ങളെല്ലാം അർത്ഥശൂന്യമായിത്തീരും. മുൻ പങ്കാളികൾ ജീവിച്ചിരിക്കെ വിവാഹമോചിതരായവരെ ദൈവനാമത്തിൽ യോജിപ്പിക്കുക എന്ന ആശയം അപ്പൊസ്തലന്നു സങ്കൽപത്തിൽ പോലും തോന്നിയിട്ടുണ്ടാവില്ല. കാരണം അത്തരമൊരു കാര്യം ദൈവത്തെ തന്നെ വ്യഭിചാരത്തിന്റെ ഉപജ്ഞാതാവാക്കി മാറ്റുന്ന നിലയിൽ വിവാഹത്തെക്കുറിച്ചു താൻ പഠിപ്പിക്കുന്ന സകലത്തിന്നും വിരുദ്ധമായിരിക്കും.” മേൽ പറഞ്ഞിരിക്കുന്ന ചിന്തയോട് ഈ പുസ്തകത്തിന്റെ ലേഖകരെല്ലാവരും അനുകൂലിക്കുന്നു എന്നു മാത്രമല്ല ഞങ്ങളുടെ പ്രത്യയവിശ്വാസത്തിന്നു പിൻബലമായി ഇനിയും അനേകരെ ഉദ്ധരിക്കുവാൻ സാധിക്കുകയും ചെയ്യും.

വിശാലമായി എഫെസ്യ ലേഖനത്തെ രണ്ടായി വിഭജിക്കുവാൻ കഴിയും. ഉദ്ദേശപരവും പദവിപരവുമായ അദ്ധ്യായങ്ങൾ 1 മുതൽ 3 വരെ. പ്രാവർത്തിക നിർദ്ദേശങ്ങളുള്ള അദ്ധ്യായങ്ങൾ 4 മുതൽ 6 വരെ. അതായത് സ്വർഗ്ഗീയ സ്ഥലങ്ങളുടെ ഔന്നത്യത്തിൽ നിന്നും അവയെല്ലാം നമ്മുടെ നടപ്പിൽ പ്രാവർത്തികമാക്കേണ്ടതിന്നു നാം നിരത്തിലേക്കു ഇറങ്ങി വരുന്നു എന്ന് നമുക്കു പറയാം. നിലപാടിൽ നാം എന്തായിരിക്കുന്നുവൊ അത് നാം സ്ഥിതിയിലും ആയിരിക്കണം; പദവിയിൽ നാം ആയിരിക്കുന്നത് അവസ്ഥയിലും ആയിരിക്കണം. താൻ ഭൂതകാലത്തിൽ എങ്ങനെയാണു നടന്നിരുന്നത് എന്ന് ദൈവപൈതലിനെ ഓർമ്മിപ്പിച്ചതിന്നു ശേഷം ക്രിസ്ത്യാനി എന്ന നിലയിൽ ഇനി താൻ എങ്ങനെയാണു നടക്കേണ്ടതു എന്നു 6 പ്രാവശ്യം നിർദ്ദേശിച്ചിരിക്കുന്നു. (2:10; 4:1; 5:2,8,15 നോക്കുക).

വൈവാഹിക ബന്ധത്തിലുള്ള ജീവിതത്തിന്നു ക്രിസ്തീയ നടപ്പുമായി എന്തെങ്കിലും ബന്ധമുണ്ടോ എന്ന് അനുവാചകൻ ചോദിച്ചേക്കാം. വിവാഹബന്ധത്തിൽ ക്രിസ്ത്യാനിയുടെ നടപ്പ് ക്രിസ്തുവിനെ വെളിപ്പെടുത്തും എന്ന് പ്രതീക്ഷിച്ചിരിക്കുന്നു. ക്രിസ്തുവിന്റെ ഗുണങ്ങൾ ഈ ബന്ധത്തിലല്ല പ്രകടിപ്പിക്കപ്പെടുന്നതെങ്കിൽ പിന്നെ എവിടെയാണത് കണ്ടെത്തുവാൻ സാധിക്കുക? ഇത്രയധികം വിവാഹബന്ധങ്ങൾ തകർക്കപ്പെടുവാൻ തക്കവണ്ണം നമ്മുടെ സമൂഹത്തിന്നു എവിടെയാണു പിഴവു പറ്റിയിരിക്കുന്നത്? വിവാഹ മോചനത്തെക്കുറിച്ചു പര്യാലോചിക്കുമ്പോൾ വിവാഹ ദിവസം ശപഥം ചെയ്ത സ്നേഹം എവിടെയാകുന്നു? ദൈവസാന്നിദ്ധ്യത്തിലും സാക്ഷികളുടെ മുമ്പാകെയും എടുത്ത പ്രതിജ്ഞാ വാചകങ്ങളെ കയ്പ്പിന്റെ അഴുക്കുചാലിലൂടെ വലിച്ചിഴയ്ക്കുമ്പോൾ ക്രിസ്തീയ സമൂഹത്തിന്നു എന്തോരപമാനം! ലോകരുടെ മുമ്പിൽ എന്തോരു സാക്ഷ്യക്കേട്! തങ്ങളുടെ നിയമം ചെയ്ത ഭാര്യയെ, പലപ്പോഴും തങ്ങളുടെ യൗവ്വനത്തിലെ ഭാര്യയെ, അവജ്ഞയോടെ കാണുന്നത് എത്ര ഭയങ്കരമായ കാര്യമാണ് (മലാഖി 2:15).

വിവാഹം കഴിക്കുക എന്ന ഉദ്ദേശത്തോടു കൂടി പരിചയപ്പെടുന്ന കാലയളവ് പരസ്പര പൊരുത്തത്തെ നിശ്ചയിക്കുവാനായി വിനിയോഗിക്കണം. പരസ്പരം അറിയുന്നതിന്നും, ഒരുമിച്ചു പ്രാർത്ഥിക്കുന്നതിന്നും പരസ്പര സ്നേഹം വളർത്തിയെടുക്കുന്നതിന്നുമായിട്ടാവണം സമയം ചിലവഴിക്കേണ്ടത്. ഈ കാലത്താണു വിവാഹംകഴിക്കുവാനുള്ള പൊരുത്തമുണ്ടോ എന്ന് നിശ്ചയിക്കേണ്ടത്. ദൈവേഷ്ടം തിരിച്ചറിയുവാനായി ഉപയോഗിക്കുന്ന ഈ കാലയളവ് ഏറ്റവും ഉന്നതമായ സാന്മാർഗ്ഗിക നിലവാരത്തിൽ വേണം കാക്കുവാൻ. പക്ഷെ ഇന്ന് ശാരീരിക ആകർഷണത്തെ അടിസ്ഥാനപ്പെടുത്തി വിവാഹത്തിലേക്കു വളരെ തിടുക്കത്തിലാണു ചെന്നു ചേരുന്നത്. **(തുടരും)**

ബാലപംക്തി

# ഇത്തവണ ശരിയാകും!

**ധർമ്മരാജ് ജി, മാവേലിക്കര**

നേവിയിൽ ചേരണമെങ്കിൽ നീന്തലും കൂടി പഠിക്കണം എന്നു മനസ്സിലാക്കിയ ആൽബർട്ട് അന്നു തന്നെ നീന്തൽ പഠിപ്പിക്കുന്ന ഒരു അക്കാദമിയിൽ ചേർന്നു. ചെറുപ്രായത്തിൽ ഒരിക്കൽ വെള്ളത്തിൽ വീണതുകൊണ്ടാകാം ആഴമുള്ള വെള്ളത്തിൽ ഇറങ്ങുന്നത് ആൽബർട്ടിനെ സംബന്ധിച്ചിടത്തോളം ഭയാനകമാണ്. എന്നാലും നേവിയിലെ ജോലി ഓർത്തപ്പോൾ നീന്തൽ പഠിച്ചിട്ടുതന്നെ എന്ന് ഉറച്ചു. തന്നോടൊപ്പം ഏറെക്കുറെ 20 പേരോളം രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഒരാഴ്ചകൊണ്ട് നീന്തൽ പഠിപ്പിക്കാമെന്നാണ് അക്കാദമിയുടെ വാഗ്ദാനം. വെള്ളത്തിലേക്ക് ഇറങ്ങുതിനു മുമ്പ് അത്യാവശ്യം അറിഞ്ഞിരിക്കേണ്ട ചില പാഠങ്ങളാണ് ആദ്യം ക്ലാസ്സുകളിൽ നൽകിയത്. ആൽബർട്ട് അതെല്ലാം പെട്ടെന്നു തന്നെ മനഃപാഠമാക്കി. ഇടക്കെങ്ങാനും സംശയം തോന്നിയാൽ നോട്ടുപുസ്തകം റഫർ ചെയ്യുന്നതിന് അത് പോക്കറ്റിൽ വെച്ച് നീന്താൻ പറ്റില്ലല്ലോ.

അങ്ങനെ ആ ദിവസം വന്നെത്തി. അന്ന് ആ ബാച്ചിനെ ആദ്യമായി വെള്ളത്തിലിറക്കുകയാണ്. ഇറങ്ങി കയറിയവരെല്ലാം നല്ല ആത്മവിശ്വാസത്തോടെയാണ് അന്നത്തെ പരിശീലനം അവസാനിപ്പിച്ചത്. എന്നാൽ ആൽബർട്ട് വെള്ളത്തിൽ കാൽ നനച്ചതല്ലാതെ ഇറങ്ങിയില്ല. നാളെയാകട്ടെ, ശരിയാക്കാം എന്നു വിചാരിച്ചു. പിറ്റെ ദിവസം ആൽബർട്ടിനെ സംബന്ധിച്ച് 2018-ലെ കേരളത്തിലെ വെള്ളപ്പൊക്കത്തിനു സമാനമായിരുന്നു. നീന്തൽ പഠിക്കാനിറങ്ങിയ ആൽബർട്ടിനെ സഹപാഠികൾ ചേർന്ന് മുങ്ങിയെടുത്ത് ഫൈബറിന്റെ ബോട്ടിലിരുത്തി. ബോട്ട് പൊളിഞ്ഞ് വെള്ളത്തിൽ പോയാൽ മതിയായിന്നുവെന്ന് ആൽബർട്ടിനു തോന്നി. ഇന്നു ശരിയാകും നാളെ ശരിയാകും എന്നു വിചാരിച്ച് ദിവസങ്ങൾ കടന്നു പോയി. കൂടെ പഠിക്കുവാൻ രജിസ്റ്റർ ചെയ്ത ചിലരൊക്കെ നീന്തൽ വിദഗ്ദന്മാരായി. ഏഴാം ദിവസം ആ ബാച്ചിലെ മിക്കവാറും എല്ലാവരും തന്നെ നീന്തൽ പഠിച്ചു. ആൽബർട്ട് മുങ്ങാനും പഠിച്ചു. എങ്കിലും ജോലിയിലുള്ള ആഗ്രഹം കൊണ്ട് വിട്ടുകൊടുക്കുവാൻ തയ്യാറായില്ല.

രണ്ടാമത്തെ ആഴ്ചയും ആൽബർട്ട് പഠനം തുടർന്നു. മുങ്ങൽ തന്നെ ഫലം. ഏപ്രിൽ-മെയ് മാസത്തെ ചൂടുകാലത്ത് കുടിക്കുന്നതിനേക്കാളും വെള്ളം ആൽബർട്ട് ഒരാഴ്ചക്കുള്ളിൽ കുടിച്ചു വറ്റിച്ചു. എന്നാൽ ആൽബർട്ടിന്റെ നിസ്സഹായാവസ്ഥ മനസ്സിലാക്കിയ കോച്ച് ആൽബർട്ടിന് പ്രത്യേകം പരിശീലനം നൽകാൻ തീരുമാനിച്ചു. കോച്ചിന്റെ വ്യത്യസ്തമായ നീന്തൽ ശൈലികൾ കണ്ട് ആൽബർട്ട് പലപ്പോഴും അന്തംവിട്ടിരിന്നിട്ടുണ്ട്. ഏതെങ്കിലും ഒരു രീതിയിലെങ്കിലും തനിക്ക് നീന്താൻ പറ്റിയിരുന്നെങ്കിൽ എന്ന് ആൽബർട്ട് ആഗ്രഹിച്ചു പോയി. ഒരു ദിവസം നീന്തൽ പയറ്റിക്കൊണ്ടിരുന്ന ആൽബർട്ടിനോട് പരിശീലകൻ ചോദിച്ചു, “ആൽബർട്ട്, നീ എത്ര പ്രാവശ്യമാണ് വെള്ളത്തിൽ മുങ്ങിപോയത്?” ഓരോ മുങ്ങലും വ്യത്യസ്തമായതുകൊണ്ട് ഉത്തരം പെട്ടെന്നു വന്നു, “ഇരുപത്.” ആൽബർട്ടിന്റെ തോളിൽ തട്ടിക്കൊണ്ട് കോച്ച് പറഞ്ഞു “എന്റെ ബാച്ചിൽ ഏറ്റവും കൂടുതൽ വെള്ളം കുടിച്ചത് ഞാനാണ്, അതിന്റെ എണ്ണം ഞാനും മറിന്നിട്ടില്ല, മുപ്പത്തി ഒന്ന്.”

ആൽബർട്ടിന് തന്റെ ചെവികളെ വിശ്വസിക്കാനായില്ല! താൻ ആശ്ചര്യത്തോടെ നോക്കിക്കാണുന്ന കോച്ച് തന്നേക്കാളും അധികം പരാജയം ഏറ്റുവാങ്ങിയ ആളാണ്! എന്നാൽ ഇപ്പോൾ അദ്ദേഹം ഒരു പരിശീലകനാണ്. ഈ വാക്കുകൾ ആൽബർട്ടിന് നൽകിയത് ഇന്ത്യൻ മഹാസമുദ്രം നീന്തിക്കടക്കാനുള്ള ആത്മവിശ്വാസമാണ്. അവൻ തന്നോടുതന്നെ പറഞ്ഞു, “ഇത്തവണ ശരിയാകും.”

പ്രിയ കൂട്ടുകാരേ, നാം പരാജയം സമ്മതിച്ച അനേകം കാര്യങ്ങളിലൂടെ നം നടന്നിട്ടുണ്ടാകാം. എന്നാൽ ഓർക്കുക! നമ്മെപ്പോലെ അല്ലെങ്കിൽ നമ്മെക്കാൾ കൂടുതൽ പരാജയം ഏറ്റുവാങ്ങിയ അനേകർ നമുക്കു ചുറ്റുമുണ്ട്. ഇന്ന് നാം വിജയികളായി കാണുന്ന അനേകരും പരാജയത്തിലൂടെയും നിരാശയിലൂടെയും കടന്നുവന്നവരായിരിക്കാം. ദൈവത്തിൽ വിശ്വാസമർപ്പിച്ചുകൊണ്ട് നമുക്ക് വിജയത്തിലേക്ക് മുന്നേറാം. പരാജയ മേഖലകളിൽ ദൈവത്തോടൊപ്പം നിന്ന് ഒന്നു കൂടെ ശ്രമിക്കാം. “ഇത്തവണ ശരിയാകും!” പരാജയം അവസാനമല്ല. ദൈവവചനം ഇങ്ങനെ പറയുന്നു, “. . . വീണു എങ്കിലും ഞാൻ വീണ്ടും എഴുന്നേൽക്കും; ഞാൻ ഇരുട്ടത്തു ഇരുന്നാലും യഹോവ എനിക്കു sh f ṅ anb rcη pJ p' (aoJ m7:8).

പഴയ താളുകൾ

# ദൈവിക നിർണ്ണയം

ജി. സുശീലൻ

പാപത്തിൽ നിന്നും മനുഷ്യനെ രക്ഷിക്കാൻ ദൈവം നിർണ്ണയിച്ചു. ഇത് എല്ലാ ക്രിസ്ത്യാനികളും അംഗീകരിക്കുന്നത് തന്നെയാണ്. എന്നാൽ ദൈവം അത് എങ്ങനെ ചെയ്യുന്നു എന്നതിനെക്കുറിച്ച് എല്ലാവർക്കും ഏകാഭിപ്രായമില്ല. സുവിശേഷവിഹിതർ ഇതിന് രണ്ടുവിധത്തിലുള്ള വ്യാഖ്യാനങ്ങൾ നല്കുന്നുണ്ട്. ഒന്നാമത്തെ അഭിപ്രായം, തിരഞ്ഞെടുപ്പ് ദൈവിക മുന്നറിവിൽ അധിഷ്ഠിതമായിരിക്കുന്നു എന്നതാണ്; രണ്ടാമത്തെ വ്യാഖ്യാനം, രക്ഷാകരമായ വിശ്വാസവുമായുള്ള ബന്ധത്തിൽ തിരഞ്ഞെടുപ്പും മുന്നറിവും തമ്മിൽ വേർതിരിക്കാൻ സാധ്യമല്ല എന്നതാണ്. ഈ രണ്ടു സമീപനങ്ങളെയും അല്പം വിശദമാക്കാം.

**1. തിരഞ്ഞെടുപ്പ് ദൈവിക മുന്നറിവിൽ അധിഷ്ഠിതമായിരിക്കുന്നു**

തിരഞ്ഞെടുപ്പ് ദൈവിക മുന്നറിവിൽ അധിഷ്ഠിതമായിരിക്കുന്നു എന്നതാണ് ഒരു അഭിപ്രായം. ദൈവത്തിന്റെ കൃപാപൂർണ്ണമായ പരമാധികാര പ്രവർത്തനമാണ് തിരഞ്ഞെടുപ്പ്. ക്രിസ്തുവിലൂടെ ദൈവം തന്റെ കൃപയോടു വിധായകമായി പ്രതികരിക്കുമെന്നു മുന്നറിഞ്ഞവർക്ക് രക്ഷ നല്കി. മനുഷ്യന് രണ്ടു തരത്തിലുള്ള സ്വാതന്ത്ര്യം ഉണ്ട്. തന്റെ സ്വഭാവത്തിലുള്ള ഇച്ഛകളെ പ്രവർത്തിക്കാനും സ്വഭാവത്തിന് വിപരീതമായി പ്രവർത്തിക്കാനും. മനുഷ്യന് പാപം ചെയ്യാനും പാപം ചെയ്യാതിരിക്കാനും ഉള്ള കഴിവ് ഉണ്ട്. പാപം ചെയ്യാതിരിക്കാനുള്ള കഴിവ് വീഴ്ചയിൽ അവന് നഷ്ടപ്പെട്ടു. അവന്റെ പാപം ചെയ്യാനുള്ള കഴിവ് പാപം ചെയ്യാതിരിക്കാനുള്ള കഴിവില്ലായ്മ ആയിത്തീർന്നു (ഉല്പത്തി 6:5; ഇയ്യോബ് 14:1-4; യിരെ. 13:23; 17:9; റോമർ 3:10-18; 8:5-8). തന്റെ വഷളസ്വഭാവം നിർദ്ദേശിക്കുന്നതു പോലെ അവന് ചെയ്യാൻ കഴിവുണ്ട് എന്ന സ്വാതന്ത്ര്യം മാത്രമാണ് അവനുള്ളത്. മനുഷ്യന് മാറുന്നതിനുള്ള കഴിവോ ആഗ്രഹമോ ഇല്ല. എന്നാൽ ദൈവം തന്റെ മുൻകൃപകൊണ്ട് ഇതിനോടു പ്രതികരിക്കുന്നു.

ദൈവത്തിങ്കലേക്കു തിരിയുന്നതിനു മുമ്പ് മനുഷ്യന്റെ ഇച്ഛാശക്തിയിൽ പ്രവർത്തിക്കുന്ന ദൈവകൃപയെ മുൻകൃപ എന്നു പറയുന്നു. ഈ കൃപ പാപിക്ക് ദൈവത്തോട് അനുകൂലമായി പ്രതികരിക്കുന്നതിനുള്ള കഴിവ് നൽകുന്നു. "*അല്ല, ദൈവത്തിന്റെ ദയ നിന്നെ മാനസാന്തരത്തിലേക്കു നടത്തുന്നു എന്നു അറിയാതെ നീ അവന്റെ ദയ, ക്ഷമ, ദീർഘക്ഷാന്തി എന്നിവയുടെ ഐശ്വര്യം നിരസിക്കുന്നുവോ?*" (റോമർ 2:4). "*സകലമനുഷ്യർക്കും രക്ഷാകരമായ ദൈവകൃപ ഉദിച്ചുവല്ലോ*" (തീത്തൊസ് 2:11). വീഴ്ച്ചയ്ക്കു ശേഷം ആദാമിനോടും ഹവ്വയോടും ഉള്ള ദൈവത്തിന്റെ ഇടപെടൽ (ഉല്പത്തി 3:8), ദൈവത്തിങ്കലേക്ക് തിരിയുന്നതിനും (സദൃ. 1:23; യെശ. 31:6; യെഹെ. 14:6; 18:32; യോവേൽ 2:13; മത്തായി 18:3; അപ്പൊ. 3:19), അനുതപിക്കുന്നതിനും (1 രാജാ. 8:47; മത്തായി 18:3; ലൂക്കൊസ് 13:3,5; അപ്പൊ. 2:38; 17:30), വിശ്വസിക്കുന്നതിനും (2 ദിന. 20:20; യെശ. 43:10; യോഹ. 6:29; 14:1; അപ്പൊ. 16:31; ഫിലി. 1:29; 1 യോഹ. 3:23) പാപിക്കു നൽകുന്ന ഗുണദോഷങ്ങൾ എന്നിവയിൽ ഇതിനെ സൂചിപ്പിച്ചിട്ടുണ്ട്.

മുൻകൃപകൊണ്ട് മനുഷ്യന് ദൈവത്തോട് പ്രതികരിക്കാൻ കഴിയുകയും ദൈവം അവന് അനുതാപവും വിശ്വാസവും നൽകുകയും ചെയ്യുന്നു (യിരെ. 31:18; അപ്പൊ. 5:31; 11:18; റോമർ 12:3; 2 തിമൊ. 2:25; 2 പത്രൊസ് 1:1). തങ്ങൾക്ക് കൃപ ലഭിച്ചത് വ്യർത്ഥമാണെങ്കിലും അല്ലെങ്കിലും (2 കൊരി. 6:1) ദൈവത്തിന്റെ മുൻകൃപയോടു മനുഷ്യൻ എങ്ങനെ പ്രതികരിക്കുമെന്ന് ദൈവത്തിന് മുന്നമെ അറിയാം. മുൻ കൃപയോടു വിധായകമായി പ്രതികരിക്കുമെന്നു ദൈവം മുന്നറിഞ്ഞവരെ അവൻ തിരഞ്ഞെടുത്തു. ഇങ്ങനെ തിരഞ്ഞെടുപ്പു മുന്നറിവിനെ പിൻതുടരുന്നു. തിരഞ്ഞെടുപ്പിൽ (1) പ്രതികരിക്കുമെന്നു ദൈവം മുന്നറിഞ്ഞവരെ രക്ഷിക്കുന്നതിനും (1 പത്രൊസ് 1:1), (2) അവർക്ക് ജീവൻ നൽകുന്നതിനും (അപ്പൊ. 13:48), (3) പുത്രന്മാർ എന്ന പദവിയിൽ അവരെ ആക്കുന്നതിനും (ഗലാ.

4:5; എഫെ. 1:5), (4) അവരെ ക്രിസ്തുവിന്റെ സ്വരൂപത്തോടു അനുരൂപരാക്കുന്നതിനും (റോമർ 8:29) ദൈവം നിശ്ചയിക്കുന്നു. ആഗ്രഹിക്കുന്നു എങ്കിൽ പ്രതികരിക്കുവാനുള്ള കഴിവ് മുൻകൃപയിലൂടെ ദൈവം എല്ലാവർക്കും നൽകുന്നു. ആര് പ്രതികരിക്കുമെന്ന് മുന്നറിഞ്ഞ് അവരെ രക്ഷയ്ക്കായി തിരഞ്ഞെടുക്കുന്നു.

**2. രക്ഷാകരമായ വിശ്വാസവുമായുള്ള ബന്ധത്തിൽ തിരഞ്ഞെടുപ്പും മുന്നറിവും തമ്മിൽ വേർതിരിക്കാൻ സാധ്യമല്ല**

രക്ഷാകരമായ വിശ്വാസവുമായുള്ള ബന്ധത്തിൽ തിരഞ്ഞെടുപ്പും മുന്നറിവും തമ്മിൽ വേർപിരിക്കാൻ സാധ്യമല്ല. തിരഞ്ഞെടുപ്പും മുന്നറിവും തമ്മിൽ വേർപിരിക്കാൻ സാധിക്കാത്തതും സാരാംശത്തിൽ അവ ഏകവും ആകുന്നു. ഈ സമീപനത്തിൽ തിരഞ്ഞെടുപ്പിനെ വ്യാഖ്യാനിക്കുന്നത് ഇപ്രകാരമാണ്. പാപികളായ മനുഷ്യരിൽ നിന്നും ചിലരെ തിരഞ്ഞെടുത്ത് രക്ഷാകരമായ കൃപ നൽകുന്നു. പൊതുവായ കൃപ ദൈവം എല്ലാവർക്കും നൽകുന്നുണ്ട് (അപ്പൊ. 14:17). ആരും നശിച്ചുപോകാൻ ദൈവം ആഗ്രഹിക്കുന്നില്ല (2 പത്രൊസ് 3:9). വീണ്ടെടുപ്പ് പരിമിതം അല്ല (1 യോഹ. 2:2) രക്ഷയുടെ വിളി സാർവ്വത്രികമാണ് (റോമർ 10:13). തിരഞ്ഞെടുക്കപ്പെടുന്നവർ മാത്രമെ രക്ഷപ്പെടുകയുള്ളൂ എന്നു ബൈബിൾ വ്യക്തമായി പറയുന്നു. താൻ പ്രസാദിക്കുന്നവരിൽ ദൈവം കൃപ കാണിക്കും (മത്തായി 20:12-15; യോഹ. 15:16; റോമർ 9:20). അവൻ ചിലരെ രക്ഷയ്ക്കായി തിരഞ്ഞെടുക്കുന്നു (അപ്പൊ. 13:48; എഫെ. 1:4; 2 തെസ്സ. 2:13). തിരഞ്ഞെടുപ്പ് മുന്നറിവു ൾക്കൊ ള്ളുന്നു (റോമർ 8:27-30; 1 പത്രൊസ് 1:1). ഭൂതകാലനിത്യതയിലായിരുന്നു തിരഞ്ഞെടുപ്പ് (എഫെ. 1:4; 2 തിമൊ. 1:9). ദൈവം തിരഞ്ഞെടുത്തവരെ പുത്രന് നൽകി (യോഹ. 6:37; 17:2,6,9; 1 പത്രൊസ് 2:9). മനുഷ്യന്റെ ഹിതപ്രകാരമല്ല ദൈവത്തിന്റെ ഹിതപ്രകാരമാണ് രക്ഷ (യോഹ. 1:13; 1 യോഹ. 4:10). അനുതാപം, വിശ്വാസം, വിശുദ്ധി, എന്നിവ ദൈവത്തിന്റെ ദാനങ്ങളാണ് (യോഹ. 6:65; അപ്പൊ. 5:31; 1 കൊരി 12:3; എഫെ. 2:8; 2 തിമൊ. 2:25).

തിരഞ്ഞെടുപ്പിനെക്കുറിച്ചുള്ള ഈ സമീപനത്തിനെതിരെ പല വാദങ്ങളുമുണ്ട്. തിരഞ്ഞെടുക്കപ്പെടാത്തവരോടുള്ള അനീതിയായി ചിലർ ഇതിനെ കാണുന്നു. എന്നാൽ ഇങ്ങനെ ശിക്ഷിക്കുന്നതിൽ ദൈവത്തിൽ ഒരു അനീതിയും ഇല്ല. രക്ഷ എന്നത് കൃപയാൽ മാത്രമാണ്. കുറച്ചുപേരെ രക്ഷിക്കുന്നതിൽ ദൈവത്തെ പുകഴ്ത്തേണ്ടതാണ്. (സങ്കീ. 44:3; ലൂക്കൊസ് 4:25-27; 1 കൊരി 4:7). ജ്ഞാനവും വിശുദ്ധിയും സ്നേഹവും ഉള്ള ദൈവത്തിന്റെ സ്വതന്ത്രമായ തിരഞ്ഞെടുപ്പാണ് ഇത്. തിരഞ്ഞെടുപ്പിന്റെ തത്വം ശരിയായി മനസ്സിലാക്കുകയാണെങ്കിൽ അത് വിശ്വാസിയെ പുകഴ്ത്തൽ (ആവ. 32:4), ബഹുമാനം (യിരെ. 10:7), വിനയം (റോമർ 11:33), വിധേയത്വം (ദാനീ. 4:35), ആരാധന (റോമർ 11:33-36) എന്നിവയിലേക്ക് നയിക്കും.

ദൈവം തന്റെ ദാസന്മാർക്ക് പ്രതിഫലം നൽകുന്നതിനും അനുസരിക്കാത്തവരെ ശിക്ഷിക്കുന്നതിനും തീരുമാനിച്ചു. തന്റെ നന്മയിൽ ദൈവം ചിലരെ രക്ഷിക്കുമെന്നും തന്നെ സേവിക്കുന്നവർക്ക് പ്രതിഫലം നൽകുമെന്നും പ്രഖ്യാപിച്ചു (യെശ. 62:11; മത്തായി 6:4,19-20; 10:41; 1 കൊരി. 3:8; 1 തിമൊ. 5:18). കൃപയിൽ നിന്നാണ് ഈ നിർണ്ണയം ഉടലെടുത്തത്. "*നിങ്ങളോട് കല്പിച്ചതു ഒക്കെയും ചെയ്ത ശേഷം: ഞങ്ങൾ പ്രയോജനം ഇല്ലാത്ത ദാസന്മാർ; ചെയ്യേണ്ടതേ ചെയ്തിട്ടുള്ളൂ എന്നു നിങ്ങളും പറവിൻ*" (ലൂക്കൊസ് 17:10) എന്നാണ് ക്രിസ്തു ഉപദേശിച്ചത്.

തന്റെ പരമമായ വിശുദ്ധിയിലും നീതിയിലും ദുഷ്ടന്മാരെയും അനുസരണം കെട്ടവരെയും ശിക്ഷിക്കുമെന്നു ദൈവം കല്പിച്ചു. ഇത് സാത്താനും അവന്റെ സൈന്യത്തിനും (ഉല്പത്തി 3:15; മത്തായി 25:41; റോമർ 16:20; വെളി. 20:1-3), മനുഷ്യനും (സങ്കീ. 37:20; യെഹെ 18:4) ബാധകമാണ്. ചിലപ്പോൾ ജീവിതകാലത്തു തന്നെ ഒരു പരിധിവരെ ദുഷ്ടന്മാർക്കു ഈ ശിക്ഷ ലഭിക്കും (സംഖ്യാ. 16:26; സങ്കീ. 11:6; 37:28; യെശ. 5:20; യിരെ. 25:31). എന്നാൽ യഥാർത്ഥ ശിക്ഷ ന്യായവിധി ദിവസമാണ് ലഭിക്കുക (സങ്കീ. 9:17; യെശ. 3:11; മത്തായി 13:49; 25:46; 2 തെസ്സ. 1:8; വെളി. 20:11-15).

**ആത്മപ്രകാശിനി ശുശ്രൂഷയെ ഓർത്ത് പ്രാർത്ഥിക്കുക**

**വരിസംഖ്യ ക്രമമായ് നൽകി ഈ ശുശ്രൂഷയിൽ സഹകരിക്കുക**


119 th
BRETHREN
GENERAL CONVENTION
KUMBANAD
Venue : General Convention Ground, Kumbanad
Time: From 6.00 pm on Sunday, December 29, 2024
to 1:30 pm on Sunday, January 5, 2025
31/12/2024
Tuesday Morning
SISTERS MEETING
02/01/2025
Thursday Morning
MISSIONARY MEETING
03/01/2025
Friday Morning
WORSHIP THAT IS
PLEASING GOD
04/01/2025
Saturday Morning
ELDERS AND THEIR
RESPONSIBILITIES

RNI.No. 36067 / 81 **ആത്മപ്രകാശിനി** Annual Subscription: Rs.200/-

ATHMA PRAKASHINI, P.O. BOX NO.10, KUMBANAD, THIRUVALLA,
PATHANAMTHITTA DIST. KERALA 689 547.




**Printed and Published by Mr. Sam C. Abraham at Evangel Press, Thiruvalla, Pathanamthitta**
**Editor: Dr. O. M. Samuel**